# സലഫുകളുടെ ജീവിതം

അബൂ മുനീർ

رقم التصريح/ا.ع.ش ٣٥٦١ بتاريخ ١٩/١٢/٢٠٠٠ م

ഖുർആൻ - ഹദീസ് വചനങ്ങളടങ്ങുന്നതിനാൽ
ഈ കൃതി ആദരവോടെ കൈകാര്യം ചെയ്യുക.

(Malayalam)
'Salafukalude Jeevitham'

Compiled by : Aboo Mubeen
Publishers : Islamic Information Centre
P.O.Box : 25020, Karama, Dubai, U.A.E.
Tel.: 04-3962190, Fax : 04-3962193
Printed at : Ajmal Printing Press, Sharjah, Tel.: 06-5326558
First Published : 2001
Cover : salam
(Rights Reserved)

MK/50/000/3/1/2001

അല്ലാഹുവിന്ന് ഇബാദത്ത് ചെയ്യാൻ വേണ്ടിയാണ് അവൻ മനുഷ്യനെ സൃഷ്ടിച്ചത്. അല്ലാഹു പറയുന്നു:

﴿وما خلقت الجنّ والإنس إلاّ ليعبدون.﴾

*"ജിന്നുകളേയും മനുഷ്യരേയും എന്നെ ആരാധിക്കുവാൻവേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." (വി. ഖു. 51/56)*

എന്നാൽ, അടിമകളുടെ കർമ്മങ്ങൾ അല്ലാഹു സ്വീകരിച്ച് പരലോകത്ത് പ്രതിഫലം നൽകണമെങ്കിൽ അതിന് ചില നിബന്ധനകളുണ്ട്:

1. യഥാർത്ഥ സത്യവിശ്വാസികളിൽനിന്നേ അല്ലാഹു കർമ്മങ്ങൾ സ്വീകരിക്കുകയുള്ളൂ. സത്യവിശ്വാസം ഉൾക്കൊള്ളാത്തവരുടെ സൽകർമ്മങ്ങൾ അല്ലാഹു സ്വീകരിക്കുകയില്ല. (1)

2. അല്ലാഹു നിയോഗിച്ച ദൂതൻ കാണിച്ചുതന്ന മാതൃകയനുസരിച്ചുകൊണ്ടുള്ള കർമ്മങ്ങളേ അല്ലാഹു സ്വീകരിക്കുകയുള്ളൂ. ദൈവദൂതന്റെ മാർഗ്ഗത്തോട് യോജിക്കാത്ത കൃത്രിമമായ കർമ്മങ്ങൾ അല്ലാഹു സ്വീകരിക്കുകയില്ല. (2)

3. അല്ലാഹുവിന്റെ പ്രീതിമാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള കർമ്മങ്ങളേ അവൻ സ്വീകരിക്കുകയുള്ളൂ. പടച്ചവന്റെ പ്രീതി ഉദ്ദേശിക്കാതെയോ അവന്റെ പ്രീതിയോടൊപ്പം മറ്റുള്ളവരുടെ പ്രീതികൂടി ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ യാതൊരു കർമ്മവും അല്ലാഹു സ്വീകരിക്കുകയില്ല. ആളുകൾ കാണാനും അവരുടെ പ്രശംസ പിടിച്ചുപറ്റാനും അവർക്കിടയിൽ സ്ഥാന

1) വി. ഖു. 6/88, വി.ഖു. 14/18, വി.ഖു. 24/39, 40, വി. ഖു. 25/23, വി.ഖു. 39/65 മുതലായ വചനങ്ങൾ ഇതിന്ന് തെളിവാണ്.

2) വി.ഖു. 18/110 ന്റെ വ്യാഖ്യാനത്തിൽ ഇമാം ഇബ്നുകഥീർ ഇപ്രകാരം പറയുന്നു:
*"ആരെങ്കിലും അല്ലാഹുവിനെ കണ്ടുമുട്ടണമെന്നാഗ്രഹിക്കുന്നുവെങ്കിൽ -അഥവാ -അവന്റെ പ്രതിഫലം ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സ്വാലിഹായ കർമ്മം ചെയ്യട്ടെ. എന്നുപറഞ്ഞാൽ, അല്ലാഹുവിന്റെ ശരീഅത്തിനോട് യോജിച്ച കർമ്മം ചെയ്യട്ടെ. അതോടൊപ്പം തന്നെ അവൻ അല്ലാഹുവിന്നുള്ള ഇബാദത്തിൽ മറ്റാരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ. അഥവാ -യാതൊരു പങ്കുകാരുമില്ലാതെ അല്ലാഹുവിന്റെ പ്രീതിമാത്രം ഉദ്ദേശിക്കണമെന്നർത്ഥം." (തഫ്സീർ ഇബ്നു കഥീർ)*

മാനങ്ങൾ ലഭിക്കാനും വേണ്ടി നിർവ്വഹിക്കപ്പെടുന്ന കർമ്മങ്ങൾ നന്മയുടെ ഇനത്തിൽ പെട്ടതായതുകൊണ്ടുമാത്രം അല്ലാഹു സ്വീകരിക്കുകയില്ല. അല്ലാഹുവിൻെറ മാത്രം പൊരുത്തം കാംക്ഷിച്ചുകൊണ്ട്, നിഷ്കളങ്കമായി നിർവ്വഹിക്കപ്പെടുകകൂടിവേണം. വളരെ ഗൗരവപൂർവ്വം മനസ്സിലാക്കപ്പെടേണ്ട ഒരു വസ്തുതയാണിത്. ഒരു *ഖുദ്സിയായ* ഹദീസിൽ അല്ലാഹു പറയുന്നു:

(( أنا أغنى الشركاء عن الشرك، من عمل عملا أشرك فيه معى غيرى تركته وشركه))

*"പങ്കുവെക്കുന്നവരുടെ പങ്കാളിത്തത്തിൽ നിന്ന് ഞാൻ തികച്ചും നിരാശ്രയനാണ്. ആരെങ്കിലും എന്നോട് മറ്റാരെയെങ്കിലും പങ്കുചേർത്തുകൊണ്ട് വല്ല പ്രവൃത്തിയും ചെയ്താൽ ഞാൻ അവനേയും അവൻെറ പങ്കാളിത്തത്തേയും (അതിൻെറ വഴിക്ക്) വിടുന്നതാണ്." (മുസ്ലിം/2985)*

ഈ ഹദീസിൻെറ വിശദീകരണം *ശറഹുമുസ്ലിമിൽ* ഇങ്ങനെ കാണാം: അല്ലാഹു പറയുന്നു:

*"ആരെങ്കിലും എനിക്കും ഞാനല്ലാത്തവർക്കും വേണ്ടി വല്ല പ്രവൃത്തിയും ചെയ്താൽ ഞാനത് സ്വീകരിക്കുകയില്ല. ആ മറ്റവനുവേണ്ടി ഞാനതിനെ വിട്ടേക്കും. അഥവാ-ആളുകളെ കാണിക്കാൻ വേണ്ടി ചെയ്യുന്നവൻെറ പ്രവർത്തനം നിഷ്ഫലമാണ്. അതിന്ന് പ്രതിഫലം ലഭിക്കുകയില്ലെന്ന് മാത്രമല്ല; അതിൻെറ പേരിൽ അവൻ ശിക്ഷിക്കപ്പെടുകയും ചെയ്യും' എന്നാണ് ഈ പറഞ്ഞതിൻെറ അർത്ഥം."*

*(ശറഹു മുസ്ലിം 9/343)*

ഇമാം മുസ്ലിം ഉദ്ധരിച്ച മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം:

(( من سمّع سمّع الله به ومن رآيا رايا الله به))

*"ആരെങ്കിലും (ജനങ്ങളെ) കേൾപ്പിച്ചാൽ അല്ലാഹു അവനേയും കേൾപ്പിക്കും. ആരെങ്കിലും (ജനങ്ങളെ) കാണിച്ചാൽ അല്ലാഹു അവനേയും കാണിക്കും."*

ഈ ഹദീസിൻെറ വ്യാഖ്യാനത്തിൽ ഇമാം നവവി പണ്ഡിതന്മാരുടെ വിവിധ അഭിപ്രായങ്ങൾ എടുത്തുദ്ധരിച്ചിട്ടുണ്ട്. അതിലൊന്ന് ഇപ്രകാരമാണ്:

*"തന്നെ ജനങ്ങൾ ആദരിക്കാനും ബഹുമാനിക്കാനും തന്നെക്കുറിച്ച് നന്മവിചാരിക്കാനും വേണ്ടി ഒരാൾ തൻെറ പ്രവൃത്തിയെ ജനങ്ങൾക്ക് കാണിക്കുകയോ ജനങ്ങളെ കേൾപ്പിക്കുകയോ ചെയ്താൽ ഉയിർത്തെഴുന്നേൽപ്പിൻെറ നാളിൽ അല്ലാഹു അവനെക്കുറിച്ച് (ജനങ്ങളെ) കേൾപ്പിക്കുകയും അവനെ വഷളാക്കുകയും ചെയ്യും എന്നാണതിൻെറ അർത്ഥം."*

*(ശറഹു മുസ്ലിം 9/343)*

■ നാം ചെയ്യുന്ന ഏതെങ്കിലുമൊരു പ്രവർത്തനം നല്ലകർമ്മങ്ങളുടെ ഇനത്തിൽ പെട്ടതായതുകൊണ്ട് കാര്യമില്ല. അത് നിർവ്വഹിക്കുന്നവൻെറ മനസ്സിൽ ഏതെങ്കിലും തരത്തിലുള്ള പ്രശസ്തിമോഹമോ, ലോകമാന്യതയോ ജനങ്ങളുടെ അംഗീകാരം നേടാനുള്ള താൽപര്യമോ ഉണ്ടാവാൻ പാടില്ല. അത്തരത്തിലുള്ള വല്ല ചിന്തയുമുണ്ടായാൽ ആ കർമ്മം അല്ലാഹു സ്വീകരിക്കുകയില്ലെന്ന് മാത്രമല്ല; അതിൻെറ പേരിൽ പരലോകത്ത് അവൻ ശിക്ഷിക്കപ്പെടുകയും ചെയ്യും. സത്യവിശ്വാസികൾ ഏതൊരു കർമ്മത്തിനു മുതിരുമ്പോഴും അവർക്ക് ഈ കാര്യത്തെക്കുറിച്ച് വ്യക്തമായ ബോധമുണ്ടായിരിക്കണം.

## ഇഹത്തിലും ഉപകരിക്കുന്നു.

*'ഇഖ്ലാസ്'* പരലോകത്ത് മാത്രമല്ല; ഇഹലോകത്തും പ്രയോജനപ്പെടും. ഇവിടെ കഷ്ടതയനുഭവപ്പെടുമ്പോൾ, ഭൗതിക സംവിധാനങ്ങളെല്ലാം പരാജയപ്പെടുമ്പോൾ, പടച്ചവൻെറ അഭൗതിക സഹായത്തിന് നമ്മെ വിധേയമാക്കിത്തീർക്കാൻ *ഇഖ്ലാസ്വാണ്* ഉപകരിക്കുക. നബി(സ്വ)യുടെ സമകാലികരായ ബഹുദൈവ വിശ്വാസികൾ പോലും ഈ യാഥാർത്ഥ്യം മനസ്സിലാക്കിയിരുന്നു. വിശുദ്ധഖുർആൻ ഇക്കാര്യം വ്യക്തമാക്കുന്നത് നോക്കു:

﴿ وإذا غشيهم موج كالظلل دعوا الله مخلصين له الدين.... ﴾

*“പർവ്വതങ്ങൾ പോലുള്ള തിരമാല അവരെ മൂടിക്കളഞ്ഞാൽ കീഴ്വണക്കം അല്ലാഹുവിന്ന് മാത്രമാക്കിക്കൊണ്ട് അവനോട് അവർ പ്രാർത്ഥിക്കുന്നതാണ്......”* *(വി. ഖു. 31/32)*

○ ആത്മാർത്ഥമായി അല്ലാഹുവിനോട് മാത്രം പ്രാർത്ഥിച്ചാൽ *(ഇഖ്ലാസ്* ഉണ്ടായാൽ) മാത്രമേ അത്തരം വിപൽസന്ധികളിൽ നിന്ന് തങ്ങൾക്ക് രക്ഷപ്രാപിക്കാൻ കഴിയൂ എന്ന് അറേബ്യയിലെ ബഹുദൈവാരാധകന്മാർ പോലും മനസ്സിലാക്കിയിരുന്നുവെന്നാണ് ഈ സൂക്തം വ്യക്തമാക്കുന്നത്.

## ഗുഹയിലകപ്പെട്ട പഥികന്മാർ.

**അ**ല്ലാഹുവിങ്കൽ നിന്നുള്ള വഹ്യിൻെറ അടിസ്ഥാനത്തിൽ റസൂൽ(സ്വ) നമുക്ക് വിവരിച്ചുതന്ന ഒരു സംഭവമുണ്ട് ബുഖാരിയിലും മുസ്ലിമിലും. *ഇഖ്ലാസ്വിൻെറ* അധ്യായത്തിൽ ഇമാം നവവി, *രിയാളുസ്സ്വാലിഹീൻെറ* തുടക്കത്തിൽ ഈ ചരിത്രമുദ്ധരിക്കുന്നുണ്ട്. അതിൻെറ ചുരുക്കമിതാണ്:

നബി(സ്വ) പറഞ്ഞതായി അബ്ദുല്ലാഹിബ്നു ഉമർ(റ) ഇപ്രകാരം റിപ്പോർട്ടുചെയ്യുന്നു:

*'നിങ്ങളുടെ മുൻഗാമികളിൽപെട്ട മൂന്നുപേർ ഒരുവഴിക്ക് (യാത്ര) പുറപ്പെട്ടു. രാത്രിയായപ്പോൾ അവർ ഒരു ഗുഹയിലേക്ക് അഭയംതേടി. അവ രതിൽ പ്രവേശിച്ചപ്പോൾ പർവ്വതത്തിൽനിന്ന് ഒരു പാറക്കല്ല് ഉരുണ്ടുവീണ് ഗുഹാമുഖം അടച്ചുകളഞ്ഞു. അങ്ങനെ അവരതിൽ അകപ്പെട്ടുപോയി. അ പ്പോൾ അവർ (പരസ്പരം) ഇങ്ങനെ പറഞ്ഞു:*

(( إنه لا ينجيكم من هذه الصخرة إلاّ أن تدعوا الله بصالح أعمالكم... ))

*(ഓരോരുത്തരും ചെയ്ത സ്വാലിഹായ കർമ്മം മുമ്പിൽ വെച്ചുകൊ ണ്ട് നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുക. എങ്കിൽ മാത്രമേ നിങ്ങൾക്ക് ഈ പാറയിൽ നിന്ന് രക്ഷപ്രാപിക്കാൻ കഴിയൂ.)*

*അങ്ങനെ ഓരോരുത്തരും അവനവൻ ചെയ്ത ഓരോ സൽകർമ്മം മുമ്പിൽവെച്ചുകൊണ്ട് ആത്മാർത്ഥമായി പ്രാർത്ഥിച്ചു. മൂന്നുപേരും അവന വന്റെ സൽകർമ്മം എടുത്തുകാട്ടികൊണ്ട് അല്ലാഹുവിനോടിങ്ങനെ പ റഞ്ഞു:*

(( اللّهم إن كنت فعلت ذلك ابتغاء وجهك ففرّج عنا ما نحن فيه من هذه الصخرة. ))

*'അല്ലാഹുവേ, ഞാൻ ആ പ്രവൃത്തിചെയ്തത് നിന്റെ പ്രീതി മാ ത്രം കാംക്ഷിച്ചുകൊണ്ടാണെങ്കിൽ-ഞങ്ങൾ അകപ്പെട്ടിരിക്കുന്ന ഈ പാറ യിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ.....)*

● ജീവിതത്തിന്റെ ഏതോ ഒരവസരത്തിൽ അല്ലാഹുവിന്റെ പ്രീ തി മാത്രം മോഹിച്ചുകൊണ്ട് ആത്മാർത്ഥമായി ചെയ്തുവെച്ച നിഷ്കാമകർ മ്മങ്ങളിലൊന്ന് ഗുഹാന്തരീക്ഷത്തിൽ അവർക്ക് ഓർമ്മവരികയാണ്.' അങ്ങ നെ ആ സൽകർമ്മം മുമ്പിൽവെച്ചുകൊണ്ട് പടച്ചവനോട് അവർ തവസ്സുൽ തേടുകയാണ്. അപ്പോൾ ആ ഇഖ്ലാസ്വിന്റെ കാരണമായി അല്ലാഹു അ വർക്ക് ആ പാറക്കല്ലിൽനിന്ന് മോചനം നൽകുകയും അങ്ങനെ അവർ സുര ക്ഷിതരായി നടന്നുപോവുകയും ചെയ്യുന്നു. ഇതാണ് സംഭവം. ഇതിന്റെ വിശദാംശങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം.

*'തവസ്സുൽ ശിർക്കിയ്യ്'* (ബഹുദൈവത്വപരമായ ഇടതേട്ടം) *'തവ സ്സുൽ ബിദഇയ്യ്'* (ഇസ്ലാമിലില്ലാത്ത പുത്തനാചാരപരമായ ഇടത്തേട്ടം) *'തവസ്സുൽ ശറഇയ്യ്'* (ഇസ്ലാം അനുവദിച്ച ഇടതേട്ടം) എന്നിങ്ങനെ മൂന്നുത രമാണ് തവസ്സുലിനെ പണ്ഡിതന്മാർ വിഭജിച്ചിട്ടുള്ളത്.

ഇതിൽ *'ശറഇയ്യായ തവസ്സുലി'*ന്റെ (ഇസ്ലാം അനുവദിച്ച ഇട തേട്ടത്തിന്റെ) മാർഗ്ഗങ്ങളിലൊന്നാണ് ഈ ഉദാഹരണം. ഇത് ദുൻയാവി ൽവെച്ചു സംഭവിച്ച കാര്യമായിട്ടാണ് റസൂൽ(സ്വ) നമുക്ക് വിവരിച്ചുതന്നത്. റസൂൽ(സ്വ)യെക്കുറിച്ച് അല്ലാഹു പരിചയപ്പെടുത്തുന്നതിപ്രകാരമാണ്:

﴿ وما ينطق عن الهوى إن هو الا وحي يوحى﴾

*"അദ്ദേഹം (മുഹമ്മദ്(സ്വ)) തന്നിഷ്ടപ്രകാരം സംസാരിക്കുകയില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരുത്ബോധനം മാത്രമാകുന്നു....." (വി. ഖു. 53/3, 4)*

വിശുദ്ധ ഖുർആനെക്കുറിച്ചാണിവിടെ പരാമർശമെങ്കിലും റസൂൽ (സ്വ)യുടെ നാവിലൂടെ വന്ന എല്ലാ മതാധ്യാപനങ്ങളും ദൈവികവഹ്യിൻെറ അടിസ്ഥാനത്തിലുളളത് തന്നെയാണ്.

● റസൂൽ(സ്വ) പറഞ്ഞുതന്ന ഈ സംഭവത്തിലെ മൂന്നു വ്യക്തികൾക്ക് രക്ഷാമാർഗ്ഗമായിത്തീർന്നതുപോലെ നമ്മുടെ ജീവിതത്തിൽ ഇത്തരമൊരപകടം സംഭവിച്ചാൽ നമുക്ക് പടച്ചവനോട് തവസ്സുൽ (ഇടതേട്ടം) നടത്താൻ എന്ത് സൽകർമ്മമാണ് നാം ചെയ്തുവെച്ചിട്ടുളളത്? അങ്ങനെ വല്ല കർമ്മവും ചെയ്തതായി നമുക്ക് തോന്നുന്നുണ്ടെങ്കിൽ തന്നെ, അവർ പ്രാർത്ഥിച്ചതുപോലെ *"അല്ലാഹുവേ ഞാൻ ആ കർമ്മം ചെയ്തത് നിൻെറ പ്രീതി മാത്രം ഉദ്ദേശിച്ചുകൊണ്ടായിരുന്നുവെങ്കിൽ നീ എന്നെ ഈ വിപത്തിൽ നിന്ന് മോചിപ്പിക്കേണമേ"* എന്നിങ്ങനെ ആത്മാർത്ഥമായി പറയാൻ നമുക്ക് കഴിയുമോ?. അല്ലാഹുവിൻെറ പ്രീതിമാത്രം ഉദ്ദേശിച്ചുകൊണ്ടുളള, മറ്റുളള വ്യക്തികളുടേയോ സമൂഹങ്ങളുടേയോ പ്രീതികാംക്ഷിക്കാതെയുളള വല്ല സ്വാലിഹായ കർമ്മവും നമ്മുടെ *'ഫയലി'*ലുണ്ടാവുമോ?. നാം ഗൗരവപൂർവ്വം ആലോചിക്കേണ്ട വസ്തുതയാണിത്.

ഒരു പ്രവൃത്തിയുടെ തുടക്കത്തിലുണ്ടാവേണ്ട *നിയ്യത്തി*(ഉദ്ദേശ്യത്തി)ൻെറ ശുദ്ധിമാത്രമല്ല ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. മറിച്ച്, പ്രവൃത്തി നിർവ്വഹിച്ചുകഴിഞ്ഞശേഷം അതിനെ ജനങ്ങളുടെ പ്രശംസയിലേക്കും അംഗീകാരത്തിലേക്കും കൊണ്ടുവരാനുളള മനസ്സിൻെറ താൽപര്യത്തെ നിഷ്കരുണം കൊലചെയ്യുകകൂടി വേണം. കാരണം, ആദംസന്തതികളെ വഴി തെറ്റിക്കുമെന്ന് അല്ലാഹുവിനോട് പ്രതിജ്ഞചെയ്തിറങ്ങിയ പിശാച്, ജീവിതത്തിൻെറ ഓരോ ചുവടുവെയ്പ്പിലും അവരെ വീഴ്ത്താനുളള കെണിയൊരുക്കി കാത്തിരുക്കുകയാണ്. *ഇമാം സുഫ്യാനുഥൗരി*യുടെ വാക്കുകൾ എത്ര ചിന്താപരമാണ്!

قال الإمام سفيان الثوري :

" بلغني أن العبد يعمل العمل سراً فلا يزال به الشيطان حتى يغلبه فيكتب في العلانية ثم لا يزال به الشيطان حتي يحب أن يحمد عليه فينسخ من العلانية فيثبت في الرياء. "

*"......രഹസ്യമായി ഒരടിമ ഒരു പ്രവൃത്തി ചെയ്യുമ്പോൾ പിശാച് അവനെ വിടാതെ പിന്തുടർന്നുകൊണ്ടിരിക്കുന്നു. എന്നിട്ട് അവനെ അതിജയിച്ചുകളയുന്നു. അങ്ങനെ ആ പ്രവൃത്തി പരസ്യത്തിൽ എഴുതപ്പെടുന്നു.*

*പിന്നെയും പിശാച് അവനെ പിന്തുടരുന്നു. അപ്പോൾ അവൻ തൻെറ പ്രവൃത്തിയുടെ പേരിൽ സ്തുതിക്കപ്പെടാൻ ഇഷ്ടപ്പെടുന്നു. അതോടെ അത് രഹസ്യത്തിൽ നിന്ന് മാറി ലോകമാന്യതയിൽ സ്ഥിരപ്പെടുന്നു."*

● ഐഹികമായ ദാഹമോഹങ്ങൾക്ക് മൂക്കുകയറിട്ട മുൻതലമുറയിലെ 'മുവഹ്ഹിദുകൾ' ഇക്കാര്യം നന്നായി മനസ്സിലാക്കിയതുകൊണ്ടാണ് തങ്ങളുടെ അധിക കർമ്മങ്ങളും ആളുകൾ കാണാതിരിക്കാൻ ആർത്തി കാണിച്ചത്. അല്ലാഹുവിലും അന്ത്യദിനത്തിലും അടിയുറച്ചുവിശ്വസിക്കുന്ന, സച്ചരിതപൂർവ്വികരെ (സലഫുകളെ) മാതൃകയാക്കുന്ന എക്കാലത്തെയും സത്യവിശ്വാസികൾ ആ മഹിതമാതൃകയാണ് പിൻപറ്റേണ്ടതും ജീവിതത്തിൻെറ ശൈലിയായി സ്വീകരിക്കേണ്ടതും.

## നന്മയുടെ നിറകുടങ്ങൾ.

**അ**ബൂയസീദ് എന്ന ഓമനപ്പേരിലറിയപ്പെടുന്ന *റബീഉബ്നുഖുഥൈം(റ)* താബിഉകളിൽ പ്രധാനിയാണ്. ഹിജ്റ 67-ൽ മുആവിയ(റ)യുടെ ഭരണകാലത്താണദ്ദേഹം നിര്യാതനായത്. ജീവിതത്തിലുടനീളം ദൈവഭക്തിയും ഐഹിക വിരക്തിയും കാത്തുസൂക്ഷിച്ച മഹാനായിരുന്നു അദ്ദേഹം. ഹമ്മാദുബ്നു അബീസുലൈമാൻ പറയുന്നു:

*"പ്രമുഖ സ്വഹാബിവര്യനായിരുന്ന അബ്ദുല്ലാഹിബ്നു മസ്ഊദ് (റ), റബീഉബ്നു ഖുഥൈമിനെ കണ്ടാൽ ഇപ്രകാരം പറയാറുണ്ടായിരുന്നു: 'അബൂയസീദ്! റസൂൽ(സ്വ)യെങ്ങാനും താങ്കളെ കണ്ടിരുന്നുവെങ്കിൽ അവിടന്ന് താങ്കളെ ഇഷ്ടപ്പെടുമായിരുന്നു. അവിടുത്തേക്ക് താങ്കളെ അടുപ്പിക്കുമായിരുന്നു...' ശേഷം അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ഇങ്ങനെ പാരായണം ചെയ്യും: (وبشر المخبتين.) "വിനീതന്മാർക്ക് നീ സന്തോഷവാർത്ത അറിയിക്കുക."*

*(വി. ഖു. 22/34)*

ഇതായിരുന്നു *റബീഉബ്നുഖുഥൈം.* റസൂൽ(സ്വ)യുടെ അടുത്ത അനുചരന്മാരിലൊരാളായ അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)വിൻെറ അനുമോദനങ്ങൾക്ക് പാത്രമായ മഹത്വ്യക്തിത്വം. പക്ഷേ, ആ വ്യക്തിത്വം ഒരിക്കലും പ്രശംസയ്ക്കായി ഇരുന്നുകൊടുക്കാറുണ്ടായിരുന്നില്ല. വല്ലവരുടേയും പ്രശംസകളാൽ തൻെറ *ഇഖ്ലാസിന്* കോട്ടംതട്ടിയേക്കുമോ എന്ന ഭയത്തിലായിരുന്നു അദ്ദേഹം. അദ്ദേഹത്തെക്കുറിച്ച് ബകറുബ്നു മാഇസ് പറയുന്നത് കാണുക:

*"ഒരിക്കലല്ലാതെ റബീഉബ്നു ഖുഥൈം തൻെറ നാട്ടിലെ പള്ളിയിൽവെച്ച് ഐച്ഛിക നമസ്കാരം നിർവഹിക്കുന്നതായി കാണപ്പെട്ടിട്ടില്ല."*

*(സ്വിഫതുസ്സ്വഫ്വ : 3/61)*

ഐച്ഛിക നമസ്കാരങ്ങൾ വീട്ടിൽവെച്ചു നിർവ്വഹിക്കുന്നതിലാ

ണ് കൂടുതൽ പുണ്യമുള്ളത്![3] വീടുകളിൽ അല്ലാഹുവിന്റെ സ്മരണ നില നിർത്താൻ സഹായിക്കുന്നതോടൊപ്പം തന്നെ ലോകമാന്യതയ്ക്ക് കടന്നുവരാനുള്ള ലോലമായ സുശിരങ്ങൾ പോലും ഇല്ലാതാക്കാൻ അത് സഹായിക്കുന്നു.

*"റബീഉബ്നുഖുഥൈമിന്റെ എല്ലാ കർമ്മങ്ങളും രഹസ്യമായിട്ടായിരുന്നു. അദ്ദേഹം ഖുർആൻ ഓതിക്കൊണ്ടിരിക്കെ ആരെങ്കിലും കടന്നു വന്നാൽ അദ്ദേഹം തന്റെ വസ്ത്രംകൊണ്ട് മുസ്ഹഫ് മറച്ചുവെക്കുമായിരുന്നുവെന്ന് മുർറിയത്തുറബീഅ് പറയുന്നു." (സ്വിഫതുസ്സ്വഫ്വ 3/61)*

ജനദൃഷ്ടിയിൽ നിന്ന് തന്റെ കർമ്മങ്ങളെ മറച്ചുവെയ്ക്കാൻ അതിയായി ഉത്സാഹിച്ച *റബീഉബ്നുഖുഥൈം* ഇഖ്ലാസ്വിനെക്കുറിച്ചു പറയുന്നതുനോക്കൂ:

((كل مالا يبتغى به وجه الله يضمحلّ)) — صفة الصفوة ٣/٦١

*"അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കപ്പെടാതെയുള്ള എല്ലാ കർമ്മങ്ങളും നശിച്ചുപോകും." (Ibid)*

❑ പടച്ചതമ്പുരാന്റെ പ്രീതിയും പൊരുത്തവും മാത്രം കാംക്ഷിച്ചുകൊണ്ടായിരിക്കണം പടപ്പുകളുടെ പ്രവർത്തനം. പടപ്പുകളുടെ പ്രീതിയും പ്രശംസയും കാംക്ഷിച്ചുകൊണ്ടോ, പടച്ചവന്റെ പ്രീതിയോടൊപ്പം പടപ്പുകളുടെ പ്രീതിയുംകൂടി കാംക്ഷിച്ചുകൊണ്ടോ, പടച്ചവന്റെ പ്രീതി കാംക്ഷിക്കാതെയോ പടച്ചവനിൽ ശരിയായ രീതിയിലുള്ള വിശ്വാസമുൾക്കൊള്ളാതെയോ ഉള്ള യാതൊരു കർമ്മവും പരലോകത്ത് പ്രയോജനപ്പെടുകയില്ല. എന്നല്ല, അതവനെ നരകത്തിലേക്ക് നയിക്കുകയും ചെയ്തേക്കും.

* * *

*സൈനുൽ ആബിദീൻ* എന്ന് വിളിക്കപ്പെട്ടിരുന്ന അലിയ്യുബ്നു ഹുസൈൻ, നാലാം ഖലീഫ അലി(റ)വിന്റെ പൗത്രനാണ്. *അലിയ്യുസ്സഗീർ* എന്നപേരിലും അദ്ദേഹം അറിയപ്പെട്ടിരുന്നു. ഹുസൈൻ(റ)വിന്ന് അദ്ദേഹത്തോടൊപ്പം കൊലചെയ്യപ്പെട്ട അലി എന്ന മറ്റൊരു മകനുണ്ടായിരുന്നു. അദ്ദേഹം അറിയപ്പെട്ടത് *അലിയ്യുൽ കബീർ* എന്ന പേരിലായിരുന്നു. പിതാവും സഹോദരനും കൊലചെയ്യപ്പെട്ട കർബലയുടെ നാളുകളിൽ *അലിയ്യുസ്സ്വഗീർ* രോഗിയായി കിടക്കുകയായിരുന്നു. ഹി: 99 ലാണദ്ദേഹം മരണപ്പെട്ടത്.

---

3 നബി(സ്വ) പറഞ്ഞതായി സൈദുബ്നുഥാബിത്(റ)വിൽ നിന്ന് ഇപ്രകാരം റിപ്പോർട്ടുചെയ്യപ്പെടുന്നു:
*"ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ വീട്ടിൽവെച്ച് നമസ്കരിക്കുക. മനുഷ്യൻ തന്റെ വീട്ടിൽവെച്ചു നമസ്കരിക്കുന്ന നമസ്കാരമാണ് നമസ്കാരങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ടമായത്. ഫർള് നമസ്കാരങ്ങളൊഴികെ." (ബുഖാരി, മുസ്ലിം)*

അനന്യമായ ആത്മാർത്ഥതയും വിശുദ്ധമായ വിശ്വാസവും വിസ്മയകരമായ വിനയവും ഉൾക്കൊണ്ട അലിയ്യുബ്നുഹുസൈൻ നടന്നുനീങ്ങുമ്പോൾ അദ്ദേഹത്തിന്റെ കൈകൾ തുടകൾക്കപ്പുറം പോകുമായിരുന്നില്ല. അത്ര വിനയപൂർവ്വമായിരുന്നു അദ്ദേഹത്തിന്റെ നടത്തം. നമസ്കരിക്കാൻ നിന്നാൽ അദ്ദേഹത്തിന് വിറയാൻ തുടങ്ങുമായിരുന്നു. ആരെങ്കിലും അതിന്റെ കാരണമന്വേഷിച്ചാൽ അദ്ദേഹത്തിന് പറയാനുണ്ടാവുക ഇപ്രകാരമായിരിക്കും:

*"ആരെയാണ് ഞാൻ അഭിമുഖീകരിക്കുന്നതെന്ന് നിങ്ങൾക്കറിയുമോ?"*
*(സ്വിഫതുസ്സ്വഫ്വ : 2/96)*

**അ**തെ, അല്ലാഹുവിനെ ആത്മാർത്ഥമായി ആരാധിക്കുകയും അദൃശ്യമായി ഭയപ്പെടുകയും ചെയ്ത സച്ചരിതപൂർവ്വീകന്മാർ *(സലഫുകൾ)* അങ്ങനെയായിരുന്നു.

((أعبد الله كأنك تراه فان لم تكن تراه فإنه يراك))

*'നീ അല്ലാഹുവിനെ നേരിൽ കാണുന്നുണ്ടെന്ന രീതിയിൽ നീ അവനെ ആരാധിക്കുക. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്.'*

ഠ സുകൃതത്തി (إحسان) ന്റെ ഈ ആത്മസത്ത സ്വാംശീകരിച്ചവരായിരുന്നു സലഫുകൾ. അവരുടെ ഓരോ നോട്ടവും അല്ലാഹുവിന്റെ പ്രീതിയിലേക്കായിരുന്നു. ഓരോ നീക്കവും അവന്റെ പൊരുത്തത്തിലേക്കായിരുന്നു. ആ ഓർമ്മയിൽ അവർ എല്ലാം മറക്കുമായിരുന്നു. എല്ലാ ഭൗതികതാൽപര്യങ്ങളേയും അവർ വിസ്മരിക്കുമായിരുന്നു.

## ആ 'അഗ്നി'യും ഈ 'അഗ്നി'യും.

**ഒ**രിക്കൽ അലിയ്യുബ്നുഹുസൈൻ വീട്ടിനകത്ത് നമസ്കരിച്ചുകൊണ്ടിരിക്കുകയാണ്. സ്രഷ്ടാവായ അല്ലാഹുവിന്ന് മുമ്പിൽ അദ്ദേഹം ശിരസ്സ് നമിച്ചിരിക്കുകയാണ്. അതിനിടെയാണ് ആളുകൾ വിളിച്ചുപറഞ്ഞത്: 'വീടിന് തീപിടിച്ചിട്ടുണ്ടെന്ന്'. പക്ഷേ, അദ്ദേഹം അതുകേട്ടില്ല. അവരുടെ ആർപ്പുവിളികൾ അദ്ദേഹത്തെ അലോസരപ്പെടുത്തിയില്ല. അല്ലാഹുവിന്നു മുമ്പിൽ സമർപ്പിച്ച സ്വത്വത്തിന്റെ ശ്രദ്ധതിരിക്കാൻ അവരുടെ അലമുറകൾക്കായില്ല. തീയണഞ്ഞു എല്ലാം ശാന്തമായ ശേഷമാണ് അദ്ദേഹം സുജൂദിൽ നിന്ന് തലയുയർത്തുന്നത്! നമസ്കാരത്തിനുശേഷം ആളുകൾ ചോദിച്ചു: *'താങ്കൾക്കെന്തുപറ്റി?. വീടിന് തീപിടിച്ച വിവരം വിളിച്ചുപറഞ്ഞിട്ടും താങ്കളെന്തേ കേൾക്കാതിരുന്നത്.?'*

അതിന്ന് അദ്ദേഹത്തിന്റെ മറുപടി വന്നു:

((ألهتني عنها النار الأخرى))

*'മറ്റൊരഗ്നി അതിൽനിന്ന് എന്റെ ശ്രദ്ധതിരിച്ചിരിക്കുകയായിരുന്നു.'* *(Ibid)*

എഴുപതിരട്ടി ചൂടുളള നരകാഗ്നിയെക്കുറിച്ച ഓർമ്മയിൽ നിലീനമായിരുന്നു അദ്ദേഹത്തിന്റെ അകത്തളം. ആ അകത്തളത്തെ അലോസരപ്പെടുത്താൻ ദുൻയാവിലെ അഗ്നിക്ക് സാധിക്കുമായിരുന്നില്ല.

**അ**തിശക്തമായ പാരത്രികശിക്ഷയെക്കുറിച്ച ഈ ഭീതിയാണ് സലഫുകളെ സച്ചരിതരാക്കിയത്. അല്ലാതെ ഐഹികമായ സ്ഥാനമാനങ്ങളോ ഭൗതികമായ ദാഹമോഹങ്ങളോ അല്ല. പരലോകശിക്ഷയിൽ നിന്ന് രക്ഷപ്പെടാനുളള ഉൽക്കടമായ ദാഹമാണവരെ സത്യത്തിന്റെ വാഹകരും സന്മാർഗ്ഗത്തിന്റെ സഞ്ചാരികളുമാക്കിയത്. അതോടൊപ്പം തന്നെ അവിടെ ലഭിക്കാനിരിക്കുന്ന അനവദ്യസുന്ദരമായ അനുഗ്രഹങ്ങളെക്കുറിച്ച അവർണ്ണനീയമായ ആകാംക്ഷയും. അതെ,

((الايمان بين الخوف والرجاء)).

*[ഈമാൻ നിലകൊളളുന്നത് (പരലോകശിക്ഷയെക്കുറിച്ച ഭീതിക്കും അവിടത്തെ അനുഗ്രഹങ്ങളെക്കുറിച്ച പ്രതീക്ഷയ്ക്കും മദ്ധ്യയാണ്.]*

പരലോകത്തിന്റെ കണ്ണാടിയിലൂടെ ഇഹലോകകാര്യങ്ങളെ നോക്കിക്കാണുമ്പോഴാണ് മനുഷ്യന്റെ കർമ്മങ്ങൾ നന്നാവുന്നതും ജീവിതം ധന്യമാവുന്നതും.

* * *

നോക്കൂ!. അലിയ്യുബ്നുഹുസൈൻ(റ)വിന്റെ മുമ്പിൽവന്ന് ഒരാൾ ഇങ്ങനെ പറയുന്നു: *'താങ്കളെക്കുറിച്ച് ഒരു വ്യക്തി ആക്ഷേപമുന്നയിച്ചിരിക്കുന്നു!.'* ഉടനെ അലിയ്യുബ്നുഹുസൈൻ അയാളെകൂട്ടി ആ മനുഷ്യനെ തേടിപ്പുറപ്പെട്ടു. അയാൾ കരുതിയത് അലിയ്യുബ്നുഹുസൈൻ സ്വന്തം പക്ഷം ന്യായീകരിക്കുമെന്നാണ്. എന്നാൽ, സംഭവിച്ചതോ? മറിച്ചായിരുന്നു. തനിക്കെതിരെ ആരോപണമുന്നയിച്ച ആളോട് അലിയ്യുബ്നുഹുസൈൻ പറഞ്ഞതെന്തായിരുന്നുവെന്നോ?.

*"താങ്കൾ എന്നെക്കുറിച്ച് പറഞ്ഞകാര്യം സത്യമാണെങ്കിൽ എനിക്ക് അല്ലാഹു പൊറുത്തുതരട്ടെ. എന്നെക്കുറിച്ച് താങ്കൾ പറഞ്ഞ കാര്യം അസത്യമാണെങ്കിൽ അല്ലാഹു താങ്കൾക്ക് പൊറുത്തുതരട്ടെ."*
*(സ്വിഫതുസ്സ്വഫ്വ)*

നോക്കൂ! എന്തൊരു സത്യസന്ധത! എന്തൊരു നിഷ്കളങ്കത! എന്തൊരു വിട്ടുവീഴ്ച! ഇതാണ് നാം മാതൃകയാക്കേണ്ടത്. ഇഹലോകത്തി

ൻെറ കണ്ണാടിയിൽ നഷ്ടമായി തെളിയുന്ന കാര്യം പരലോകത്തിൻെറ കണ്ണാടിയിൽ നേട്ടവും നന്മയുമായി പ്രകാശിക്കുന്നു. ആർത്തരോടും ആലംബഹീനരോടും ആത്മാർത്ഥമായി അലിവുകാണിക്കാനും യാചകരേയും ഭോജനത്തിന് വഴിയില്ലാത്തവരേയും നിഷ്കളങ്കമായി സ്നേഹിക്കാനും പ്രേരിപ്പിക്കുന്നത് പരലോകത്തിൻെറ കണ്ണാടിയിൽ തെളിയുന്ന നന്മയുടെ ഈ ശോഭയാണ്.

അലിയ്യുബ്നുഹുസൈൻ(റ) തൻെറ മുമ്പിലെത്തുന്ന യാചകനോട് പറയുന്ന വാക്കുനോക്കൂ:

((مرحبا بمن يحمل زادى إلى الآخرة))

*'എൻെറ പാഥേയം പരലോകത്തേയ്ക്കെത്തിക്കുന്നവനേ നിനക്ക് സ്വാഗതം.'*

(Ibid)

❑ സമൂഹത്തിൽ തനിക്കു ലഭിക്കാനിരിക്കുന്ന സ്ഥാനം മുമ്പിൽ കണ്ടുകൊണ്ട്, ക്യാമറക്കണ്ണുകൾക്ക് മുമ്പിൽ, സ്ഥാപനവൽകരിക്കപ്പെട്ട സ്നേഹപ്പൊതികളുമായി പുഞ്ചിരിക്കുന്ന സാമൂഹ്യസേവകരുടെ ചിത്രമല്ല സലഫുകളുടെ ജീവിതത്തിൽനിന്ന് നമുക്ക് ലഭിക്കുന്നത്. പ്രത്യുത, പരലോകശിക്ഷ ഭയന്നുകൊണ്ടും അവിടെ അല്ലാഹുവിൻെറ ഔദാര്യം പ്രതീക്ഷിച്ചുകൊണ്ടും ആരുംകാണാത്ത ഓരങ്ങളിലൂടെ, ഇരുളിൻെറ ചുവരുകൾക്കൊപ്പം പതിതരായ പട്ടിണിപ്പാവങ്ങളെത്തേടി പതിയെ നടന്നുനീങ്ങുന്ന നിസ്വാർത്ഥരുടെ നിസ്തുല മാതൃകകളാണ്.

* * *

അലിയ്യുബ്നു ഹുസൈൻ(റ)വിനെത്തന്നെയെടുക്കട്ടെ. രാത്രികാലത്ത് മുതുകിൽ ഗോതമ്പുപൊടിയുടെ ചാക്കും പേറി സ്വകാര്യമായി സാധുജനങ്ങൾക്കെത്തിച്ചുകൊടുക്കുക അദ്ദേഹത്തിൻെറ പതിവായിരുന്നു.

((إنّ صدقة السّر تطفئ غضب الرب عز وجل.))

*'നിശ്ചയം; രഹസ്യദാനം അല്ലാഹുവിൻെറ കോപത്തെ കെടുത്തിക്കളയുന്നതാണ്.'* (4) എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.

തങ്ങൾക്ക് ചിലവിനുള്ള വക ലഭിച്ചുകൊണ്ടിരിക്കുന്നതെവിടെ നിന്നാണെന്നറിയാത്ത ഒരുപാട് ദരിദ്രരുണ്ടായിരുന്നു മദീനയിൽ. രാത്രികാലത്ത് അവർക്ക് ലഭിച്ചുകൊണ്ടിരുന്ന ആ ഔദാര്യം നിലച്ചുപോയത് അലിയ്യുബ്നു ഹുസൈൻ(റ) മരിച്ചപ്പോഴാണ്.

---

4. വിവിധ മാർഗ്ഗങ്ങളിലൂടെ നബി(സ്വ)യിലേക്ക് ചേർക്കപ്പെട്ട ഒരു ഹദീസാണിത്. ഇതിൻെറ സനദിനെക്കുറിച്ച് ചില അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും *ശൈഖ് നാസിറുദ്ദീൻ അൽ അൽബാനി*, വിവിധ മാർഗ്ഗങ്ങളുടെ സമന്വയത്തിലൂടെ ഇതിനെ ശരിവെച്ചിട്ടുണ്ട്.
*(സിൽസിലതുൽ അഹാദീസുസ്സ്വഹീഹ : 1908)*

*അദ്ദേഹത്തിൻെറ മയ്യിത്ത് കുളിപ്പിച്ച ആളുകൾ മുതുകിൽ കറുത്ത പാടുകൾ കണ്ട് അത്ഭുതപൂർവ്വം ചോദിച്ചപ്പോഴാണ് 'മദീനയിലെ സാധുക്കൾക്ക് സ്വദഖ ചെയ്യാനായി രാത്രികാലത്തു മുതുകിൽ ഗോതമ്പുപൊടിയുടെ ചാക്ക് കയറ്റിയതിൻെറ പാടുകളാണതെന്ന്' ജനങ്ങൾ അറിയുന്നത്! (സ്വിഫതുസ്സ്വഫ്വ 2/96)*

○ ഇതാണ് ആത്മാർത്ഥത. ഇതാണ് *ഇഖ്‌ലാസ്*-വലതുകൈ നൽകുന്നത് ഇടതുകൈ അറിയാത്തവിധം സ്വകാര്യമായി ചെയ്യുന്ന ഇത്തരം ദാനങ്ങളാണ് അല്ലാഹുവിങ്കൽ ഏറെ സ്വീകാര്യം. അംഗീകാരത്തിൻേറയും അനുമോദനത്തിൻേറയും ആൾരൂപങ്ങൾ അകമ്പടി സേവിക്കാത്ത, അഹങ്കാരത്തിൻേറയും ആത്മപ്രശംസയുടേയും അച്ചടിമഷി പുരളാത്ത, അതീവ ഗൂഢമായ ഈ ദാനമാണ് യാതൊരു തണലുമില്ലാത്ത, ഭീകരനാളിൽ അല്ലാഹുവിൻെറ പ്രത്യേക തണലിന് മനുഷ്യനെ അർഹനാക്കുന്നത്.(5)

## ആദരവിൻെറ ആത്മീയ മാനം.

ജനങ്ങൾക്കിടയിൽ ആദരവും ബഹുമാനവും ലഭിക്കുകയെന്നത് ആളുകളുടെ എക്കാലത്തേയും ആഗ്രഹമാണ്. ജനങ്ങളുടെ നിന്ദയും അവഗണനയും ആരും അഭിലഷിക്കുന്നില്ല. അതുകൊണ്ടുതന്നെ ആളുകൾക്കിടയിൽ പേരും പ്രശസ്തിയും നേടിയെടുക്കാനും അവരുടെ ആദരവും ബഹുമാനവും പിടിച്ചുപറ്റാനും അഹോരാത്രം അധ്വാനിക്കുന്നവർ സമൂഹത്തിൽ എത്രയോ ഉണ്ട്. രാഷ്ട്രീയ നേതാക്കന്മാരും ഭൗതിക പ്രസ്ഥാനക്കാരും പാടുപെടുന്നതും ഓടിനടക്കുന്നതും സമൂഹത്തിൽ തങ്ങളുടെ സ്ഥാനമുറപ്പിക്കാനും ആളുകളാൽ ആദരിക്കപ്പെടാനും വേണ്ടിയാണ്.

എന്നാൽ, ഇസ്‌ലാമിൻെറ വഴി മറ്റൊന്നാണ്. ആളുകളുടെ അംഗീകാരവും ആദരവുമല്ല; അല്ലാഹുവിൻെറ അംഗീകാരവും ആദരവുമാണ് അത് ലക്ഷ്യമാക്കുന്നത്. ആളുകളെല്ലാം അംഗീകരിച്ചാലും അല്ലാഹു അംഗീകരിക്കാത്ത ഒരു പ്രവർത്തനം നിഷ്ഫലമായിട്ടാണ് ഇസ്‌ലാം കണക്കാക്കുന്നത്. മറിച്ച്, ആളുകൾ അംഗീകരിക്കാത്ത ഒരു പ്രവർത്തനം അല്ലാഹുവിങ്കൽ അംഗീകരിക്കപ്പെട്ടാൽ അത് സഫലവും സാർത്ഥകവുമാണ്.

○ ഇതായിരുന്നു സലഫുകളുടെ മാനദണ്ഡം. ഈ മാനദണ്ഡമുൾക്കൊള്ളുമ്പോൾ അല്ലാഹുവിൻെറ സ്നേഹവും ആദരവും അവന്ന് ലഭി

5. സലഫുകളായ അബൂബക്കർ സിദ്ദീഖ്(റ) ഖലീഫയായിരിക്കെത്തന്നെ, മദീനയിലെ ഒരു വൃദ്ധയുടെ ശുശ്രൂഷയ്ക്കായി ഇരവിൻെറ ഇരുളിൽ ഇറങ്ങിത്തിരിക്കുമ്പോൾ കൂടെക്കൊണ്ടുപോയ ഫോട്ടോഗ്രാഫറുടേയും, നിശയുടെ നിശ്ശബ്ദതയിൽ നിരാലംബരായ നാട്ടുകാരുടെ അവസ്ഥകളറിയാൻ ഊരുചുറ്റുന്ന ഖലീഫ ഉമറി(റ)ൻെറ കൂടെപ്പോയ പത്രക്കാരൻേറയും പേരുകൾ ചരിത്രപുസ്തകങ്ങളിലെല്ലാം പരതിയിട്ടും ഈ ലേഖകന്ന് കണ്ടെത്താനായിട്ടില്ല.

ക്കുന്നു. അല്ലാഹുവിൻെറ പൊരുത്തം മാത്രം ലാക്കാക്കി മുന്നോട്ടുനീങ്ങുന്ന മനുഷ്യന് മറ്റൊരാളേയും ഭയപ്പെടേണ്ടിവരില്ല. മറ്റൊരാളുടേയും ഇഷ്ടാനിഷ്ടങ്ങൾ പ്രശ്നമാവില്ല. എങ്കിലും, അല്ലാഹു അവന്ന് ജനമനസ്സുകളിൽ സ്ഥാനം നൽകുന്നു. അവരുടെ അകത്തളങ്ങളിൽ അവനോട് അനുകമ്പയും ആദരവും ജനിപ്പിക്കുന്നു. അവരുടെ സ്നേഹത്തിനും ബഹുമാനത്തിനും അവനെ അല്ലാഹു വിധേയമാക്കുന്നു. ഇത് അല്ലാഹുവിൻെറ ഒൗദാര്യമാണ്. കാരണം, ജനമനസ്സുകൾ അല്ലാഹുവിൻെറ കൈയിലാണ്. അവൻെറ നിയമത്തിന് വിധേയമാണത്. 'എന്നെ ആളുകൾ സ്നേഹിക്കണമെന്നു' ഞാൻ വിചാരിച്ചതുകൊണ്ട് കാര്യമില്ല. അല്ലാഹുവാണതിന് മനസ്സുകളെ പാകപ്പെടുത്തിത്തരേണ്ടത്. അതിന്ന് അല്ലാഹുവിനെ സ്നേഹിക്കണം. അവൻെറ ആജ്ഞാനുവർത്തിയായി ജീവിക്കണം. അവൻെറ പൊരുത്തം മാത്രം കാംക്ഷിച്ചുകഴിയണം. അപ്പോൾ അല്ലാഹു അവൻെറ ഒൗദാര്യമെന്ന നിലക്ക് നൽകുന്നതാണ് ജനമനസ്സുകളിലെ അംഗീകാരവും അവരുടെ സ്നേഹവും.(6)

ഇമാം ബുഖാരിയും ഇമാം മുസ്ലിമും ഉദ്ധരിക്കുന്ന സ്വഹീഹായ ഒരു നബിവചനം കാണുക:

((....إن اللّه اذا أحب عبدًا دعا جبريل، فقال إنّي أحب فلانا فأحبّه، قال فيحبه جبريل ثم ينادي في السماء فيقول : إنَّ اللّه يحب فلانا فأحبوه، فيحبه أهل السَّماء قال : ثم يوضع له القبول في الأرض، وإذا أبغض عبدًا دعا جبريل، فيقول : إنّي أبغض فلانا فأبغضه قال : فيبغضه جبريل، ثم ينادي في السماء : إن اللّه يبغض فلانا فأبغضوه قال : فيبغضونه، ثم توضع له البغضاء في الأرض.)) (أخرجه البخاري ومسلم)

*"അല്ലാഹു ഒരടിമയെ ഇഷ്ടപ്പെട്ടുകഴിഞ്ഞാൽ അവൻ ജിബ്രീലിനെ വിളിച്ച് ഇങ്ങനെ പറയും: 'ഞാൻ ഇന്ന വ്യക്തിയെ ഇഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ നീയും അവനെ ഇഷ്ടപ്പെടുക (സ്നേഹിക്കുക).' അപ്പോൾ ജിബ്രീൽ അവനെ ഇഷ്ടപ്പെടുന്നു (സ്നേഹിക്കുന്നു). ശേഷം, ജിബ്രീൽ വാനലോകത്ത് ഇങ്ങനെ വിളിച്ചുപറയുന്നു: 'ഇന്നാലിന്ന വ്യക്തിയെ അല്ലാഹു ഇഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ നിങ്ങളും അവനെ ഇഷ്ടപ്പെടുക (സ്നേഹിക്കുക).' അപ്പോൾ വാനലോകത്തുള്ളവർ മുഴുവൻ അവനെ സ്നേഹിക്കുന്നു. പിന്നെ ഭൂമിയിൽ അവന്ന് സ്വീകാര്യത ലഭിക്കുകയായി. മറിച്ച്, അല്ലാഹു ഒരടിമയോട് കോപിച്ചാൽ അവൻ ജിബ്രീലിനെ വിളിച്ചു ഇങ്ങനെ പറയും: 'ഞാൻ ഇന്നാലിന്ന വ്യക്തിയോട് കോപിച്ചിരിക്കുന്നു. അതിനാൽ, നീയും അവനോട് കോപിക്കുക.' അപ്പോൾ ജിബ്രീൽ അവ*

6. ഭൗതിക താൽപര്യങ്ങളാൽ നയിക്കപ്പെടുന്ന സ്നേഹപ്രകടനങ്ങൾ ക്ഷണഭംഗുരങ്ങളാണ്. അതുപോലെ പിശാചിൻെറ അനുയായികൾക്കിടയിലെ സ്നേഹാദരങ്ങളും യഥാർത്ഥ സ്നേഹാദരങ്ങള

*നോട് കോപിക്കുകയായി. ശേഷം, വാനലോകത്ത് ഇങ്ങനെ വിളിച്ചുപറയുന്നു: 'ഇന്നാലിന്ന വ്യക്തിയോട് അല്ലാഹു കോപിച്ചിരിക്കുന്നു. അതിനാൽ, നിങ്ങളും അവനോട് കോപിക്കുക.' അപ്പോൾ വാനലോകത്തുള്ളവർ ഒന്നടങ്കം അവനോട് കോപിക്കുകയായി. അതോടെ ഭൂമിയിൽ അവനോട് വിദ്വേഷം പരക്കുന്നു." (ബുഖാരി 4/135, മുസ്ലിം 4/2030)*

○ ഇതാണ് സ്നേഹാദരങ്ങളുടെ ശരിയായ മാനദണ്ഡം. സ്രഷ്ടാവായ അല്ലാഹുവിനോടുള്ള ബന്ധം സുദൃഢമായാൽ, അവൻെറ സ്നേഹം സമ്പാദിക്കാൻ സാധിച്ചാൽ അതുവഴി ജിബ്രീലിൻെറ സ്നേഹവും മുഴുവൻ മലക്കുകളുടെ സ്നേഹവും ലഭിക്കുന്നു. അതോടെ ഭൂമിലോകത്ത് മനുഷ്യമക്കളുടെ മനസ്സിൽ മായ്ക്കപ്പെടാത്ത സ്ഥാനം ലഭിക്കുന്നു. സകലമാന കൃത്രിമ സ്നേഹങ്ങളേയും നിഷ്പ്രഭമാക്കുന്ന നിഷ്കളങ്കമായ സ്നേഹം. കൽപനകളുടെ കാത്തിരിപ്പില്ലാത്ത, കൂലിപ്പടയുടെ കോലാഹലങ്ങളില്ലാത്ത, കാപട്യത്തിൻെറ കോമാളിത്തരങ്ങളില്ലാത്ത ആത്മാർത്ഥമായ സ്നേഹം. ആ സ്നേഹം അതിൻെറ ആളുകളെ ആദരവിൻെറ അനുപമതീരത്തേക്കാനയിക്കുന്നു.

* * *

**അ**മവി കിരീടാവകാശി *ഹിശാമുബ്ൻ അബ്ദിൽ മലിക്* ഹജ്ജ് നിർവ്വഹണത്തിനായി കഅ്ബാലയത്തിലെത്തിയിരിക്കയാണ്. ത്വവാഫ് കഴിഞ്ഞ് *ഹജറുൽ അസ്‌വദ്* തൊട്ടുമുത്താൻ കഴിയാതെ ആളൊഴിയുന്നതും കാത്ത് ഒരുവശത്തേക്ക് മാറിയിരിക്കുകയാണ്. അദ്ദേഹത്തിനിരിക്കാൻ ഒരു കസേര ഉയർത്തപ്പെട്ടിരുന്നു. അതിലിരുന്ന് അദ്ദേഹം ആളുകളെ വീക്ഷിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തോടൊപ്പം ശാമുകാരായ പരിവാരങ്ങളുമുണ്ട്. അതിനിടയിലാണ് *സൈനുൽ ആബിദീൻ അലിയ്യുബ്നു ഹുസൈൻ (റ)* കടന്നുവരുന്നത്. നല്ല മുഖകാന്തിയുള്ള ആളായിരുന്നു *അലിയ്യുബ്നു ഹുസൈൻ(റ).* അദ്ദേഹം വരുന്നത് കണ്ടതോടെ ആളുകളുടെ മട്ടുമാറി. അദ്ദേഹം കഅ്ബാ *ത്വവാഫ്* ചെയ്ത് *ഹജറുൽ അസ്‌വദ്* ലക്ഷ്യമാക്കി മുന്നോട്ട് നീങ്ങിയതോടെ ജനങ്ങളെല്ലാം അദ്ദേഹത്തിന് വഴിമാറിക്കൊടുക്കുന്നു!. അത്ഭുതകരമായ പിന്മാറ്റം. അനിതരമായ ആദരവ്. ഇതുകണ്ട് *ഹിശാമുബ്നു അബ്ദിൽ മലിക്* പോലും അന്ധാളിച്ചുപോയി.

*'ആരാണ് ആ മനുഷ്യൻ? ജനങ്ങളെല്ലാം ബഹുമാനിക്കുന്ന ആ വലിയ വ്യക്തിത്വമേതാണ്?'* -ഹിശാമിനോടായി പരിവാരങ്ങളിലൊരാൾ ചോദിച്ചു. അദ്ദേഹത്തെ തനിക്കറിയാത്ത മട്ടിലായിരുന്നു ഹിശാമിൻെറ പ്രതികരണം. അപ്പോൾ അതിന്നുള്ള മറുപടിയെന്നോണം അക്കാലത്തെ പ്രസിദ്ധ കവി *ഫറസ്ദഖ്* ഇങ്ങനെ പാടി:

هذا الّذي تعرف البطحاء وطأته     والبيت يعـرفه والحل والحرم

هذا ابـن خير عبـاد الله كلهـم    هذا النّقيّ التّقيّ الطّاهر العلم
إذا رأتـه قريـــش قـال قائلهـا    إلى مكـارم هذا ينتهى الكرم

*(ഈ താഴ്‌വരക്ക് അദ്ദേഹത്തിൻെറ കാലടിയറിയാം. കഅ്ബാലയത്തിനും അതിൻെറ പ്രാന്തപ്രദേശങ്ങൾക്കും (حل ന്നും حرم ന്നും) അദ്ദേഹത്തെയറിയാം. അല്ലാഹുവിൻെറ അടിമകളിൽ അത്യുത്തമനായ നബി(സ്വ)യുടെ പുത്രപരമ്പരയിൽ പെട്ടയാളാണദ്ദേഹം. ശുദ്ധനും വിമലനും ഭക്തനും പവിത്രനുമാണദ്ദേഹം. സകലമാന്യതകളും വന്നുചേരുന്നത് അദ്ദേഹത്തിലേക്കാണെന്ന് ഖുറൈശികൾ അദ്ദേഹത്തെ കണ്ടാൽ പറയുമായിരുന്നു.....)*

○ ജനഹൃദയങ്ങളുടെ കാണാക്കയങ്ങളിലെ ഈ ആത്മീയസ്നേഹം ഭരണകൂടത്തിൻെറ അധികാരശക്തിക്കപ്പുറത്താണ്. ഭൗതിക ശക്തികളുടെ സ്വാധീനപരിധിക്കുവെളിയിലാണത്. ആളും അർത്ഥവും ആജ്ഞാനുവർത്തികളായ പരിവാരങ്ങളുടെ പ്രളയവുമെല്ലാം ആ ആത്മീയസ്നേഹത്തിൻെറ മുമ്പിൽ നിഷ്പ്രഭമാവുന്നു.

* * *

**അ**ബ്ബാസിയാ ഖലീഫ ഹാറൂൻ റശീദിൻെറ ഭരണകാലം. അകലങ്ങളിൽ നിന്നകലങ്ങളിലേക്ക് അതിർവരമ്പുകൾ പറിച്ചുനടപ്പെട്ട ഭരണകൂടം. 'മേഘമേ നിനക്കിഷ്ടമുള്ളേടത്ത് വർഷിച്ചോളൂ. നീ എവിടെ വർഷിച്ചാലും നിൻെറ നികുതി എനിക്കെത്തിക്കൊള്ളുമെന്ന്' മേഘത്തെ നോക്കി പറഞ്ഞത് ഹാറൂൻ റശീദായിരുന്നു. അത്രയ്ക്ക് വിശാലമായ വൃത്തത്തിലേക്ക് വ്യാപിച്ചിരുന്നു രാജ്യാതിർത്തി. ഈ വിശാലമായ രാജ്യത്തിൻെറ അധിപനായിരുന്നു ഹാറൂൻ റശീദ്. അദ്ദേഹം പരിവാരസമേതം *രിഖ്ഖയിൽ* താമസിക്കുകയാണ്. അതിനിടയ്ക്കാണ് അബ്ദുല്ലാഹിബ്നു മുബാറക്(റ) അവിടെയെത്തുന്നത്. അർത്ഥവും അധികാരവുമൊരുക്കുന്ന ആൾക്കൂട്ടങ്ങളില്ലാതെയാണ് അദ്ദേഹത്തിൻെറ വരവ്. പ്രസിദ്ധ ഹദീസ് പണ്ഡിതനും ഭക്തനും ത്യാഗിവര്യനും ജനമനസ്സുകളിൽ ജീവിക്കുന്ന ജ്ഞാനവൃദ്ധനുമായിരുന്നു ഇബ്നുമുബാറക്(റ). ഖുറാസാനിൽ നിന്നാണദ്ദേഹം വരുന്നത്. അദ്ദേഹം വരുന്ന വിവരമറിഞ്ഞതോടെ ആരുടേയും ആജ്ഞയില്ലാതെ ആയിരങ്ങൾ അദ്ദേഹത്തെ എതിരേൽക്കാൻ ഇറങ്ങിത്തിരിച്ചു. ജനബാഹുല്യത്താൽ അന്തരീക്ഷത്തിൽ പൊടിപടലങ്ങൾ പരന്നു. പലരുടേയും ചെരുപ്പിൻെറ വാറുകൾ അറ്റുപോയി. അതോടെ നഗരം ശൂന്യമായി. ഖലീഫാ ഹാറൂൻ റശീദ് ഒറ്റപ്പെട്ടു. അദ്ദേഹത്തെ ശ്രദ്ധിക്കാനോ സേവിക്കാനോ ആളില്ലാതെയായി. മട്ടുപ്പാവിലിരുന്ന് രംഗം നിരീക്ഷിച്ചുകൊണ്ടിരുന്ന ഹാറൂൻെറ മാതാവ് അത്ഭുതത്തോടെ ചോദിച്ചു: *'എന്താണവിടെ നടക്കുന്നത്?.'*

*'ഖുറാസാനിലെ പ്രശസ്ത പണ്ഡിതൻ അബ്ദുല്ലാഹിബ്നുമു*

*ബാറക് വന്നിരിക്കുന്നു. അദ്ദേഹത്തെ സ്വീകരിക്കാനാണ് ജനങ്ങൾ ഒത്തു ചേർന്നിരിക്കുന്നത്.'* -ആളുകൾ പറഞ്ഞു. ഉടനെ അവരുടെ നാവിൽനിന്ന് പുറത്തുവന്നതിങ്ങനെയായിരുന്നു:

((والله هذ الملك لا ملك هارون الرشيد الذي يجمع الناس باالسّوط والشرط والأعوان.))
(صفة الصفوة)

*"അല്ലാഹു സത്യം! ഇതാണ് രാജത്വം! പട്ടാളവും പരിവാരവും ചാട്ട വാറും കൊണ്ട് ആളുകളൊത്തുകൂടുന്ന ഹാറൂന്റെ രാജത്വമല്ല യഥാർത്ഥ രാജത്വം."* *(സ്വിഫതുസ്സ്വഫ്വ)*

○ അതെ, വ്യക്തിത്വത്തിന്റെ വിശുദ്ധിയും വിജ്ഞാനത്തിന്റെ വിനയവും വിശ്വാസത്തിന്റെ വിമലതയുമാണിവിടെ നാം കാണുന്നത്. സ്രഷ്ടാവായ അല്ലാഹുവിനെ സ്നേഹിച്ചതിനാൽ, അവനുവേണ്ടി കർമ്മങ്ങൾ നിഷ്കളങ്കമാക്കിയതിനാൽ, അല്ലാഹു നൽകിയ സമ്മാനമാണ് ജനമനസ്സുകളിലെ ഈ സ്നേഹപ്രവാഹം. ആളുകളുടെ അംഗീകാരത്തിനായി ഓടിനടക്കാതെ അല്ലാഹുവിന്റെ പ്രീതിമാത്രം ലക്ഷ്യംവെച്ചു പ്രവർത്തിക്കുന്ന ആത്മാർത്ഥരായ ആളുകൾക്ക് അല്ലാഹു നൽകുന്ന അംഗീകാരമാണിത്.

താബിഉകളിൽ പ്രാധാനിയായിരുന്ന *ഇമാം മുഹമ്മദ്ബ്നു വാസിഅ്(റ)* പറഞ്ഞതെത്ര ശരിയാണ്!

((إذا أقبل العبد بقلبه الى الله أقبل الله بقلوب العباد عليه.)) سير اعلام النبلاء ٣/٥٧٦

*"ഒരടിമ തന്റെ ഹൃദയം കൊണ്ട് അല്ലാഹുവിനെ അഭിമുഖീകരിച്ചാൽ അല്ലാഹു അടിമകളുടെ ഹൃദയങ്ങളെകൊണ്ട് അവനിലേക്ക് അഭിമുഖീകരിക്കുന്നതാണ്."* *(സിയറു അഅ്ലാമിന്നുബലാ 3/576)*

ഹൃദയംകൊണ്ട് അല്ലാഹുവിനെ അഭിമുഖീകരിക്കുകയെന്നാൽ കർമ്മങ്ങൾ അല്ലാഹുവിനുവേണ്ടി നിഷ്കളങ്കമാക്കുക എന്നാണർത്ഥം. അഥവാ -നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ്, തുടങ്ങിയ ആരാധനാകർമ്മങ്ങൾ മാത്രമല്ല, സാമൂഹ്യസേവനം, വിദ്യാഭ്യാസ പ്രവർത്തനം, കുടുംബ സേവനം തുടങ്ങി ഈ ദുൻയാവിൽവെച്ചു ചെയ്യുന്ന എല്ലാ കർമ്മങ്ങളുടേയും പിന്നിലെ പ്രചോദനം പടച്ചതമ്പുരാന്റെ പ്രീതിനേടാനുള്ള മോഹം മാത്രമായിരിക്കുക എന്നതാണത്. ഭൗതികമായ ദാഹ-മോഹങ്ങളോ ജനകീയമായ അംഗീകാരങ്ങളോ സാമൂഹിക സ്ഥാനമാനങ്ങളോ അവയുടെ പ്രചോദകങ്ങളായിരിക്കാൻ പാടില്ല.

○ സച്ചരിതപൂർവ്വീകന്മാർ (സലഫുകൾ) ഇക്കാര്യം വളരെ ഗൗരവപൂർവ്വം മനസ്സിലാക്കിയിരുന്നു. നിഷ്കളങ്കമായ ദൈവപ്രീതിക്കുമുമ്പിൽ തിരശ്ശീല താഴ്ത്തുന്ന യാതൊരു ചിന്തയും ചലനവും അവരുടെ ഭാഗത്തുനിന്നുണ്ടായിരുന്നില്ല. മനസ്സിന്റെ നിഗൂഢമായ ഗഹ്വരങ്ങളിൽ എവിടെയോ

ആത്മാഭിമാനത്തിൻെറ നേരിയ സ്ഫുലിംഗമുയരുമ്പോഴേക്കും അതിനെ അതിശക്തമായി അടിച്ചമർത്താനായിരുന്നു അവരൊരുമ്പെട്ടിരുന്നത്.

* * *

ഉമറുൽ ഫാറൂഖ്(റ), മാനവചരിത്രത്തിലെ നിത്യവിസ്മയം. ഗർഭിണിയായ സ്ത്രീക്കുവേണ്ടി ചുമലിൽ വെള്ളപ്പാത്രവുമായി നടന്നുനീങ്ങുന്നത് നേരിൽ കണ്ട മകൻ അൽപം വിഷമത്തോടെ ചോദിച്ചു: *'എന്തിനാണ് താങ്കൾ ഇത്ര കഷ്ടപ്പെടുന്നത്?.'*

അപ്പോൾ ഖലീഫയുടെ മറുപടി വന്നു:

*'എൻെറ ദേഹം എന്നെ അൽപം അഭിമാനപുളകിതനാക്കിയപ്പോൾ എനിക്ക് അതിനെയൊന്ന് നിന്ദിക്കണമെന്ന് തോന്നി.'*

നോക്കൂ. വിശാലമായൊരു സാമ്രാജ്യത്തിൻെറ വിപുലമായ അധികാരങ്ങളിലും സ്ഥാനമാനങ്ങളിലും അൽപംപോലും അഭിമാനം കൊള്ളാൻ തൻെറ ദേഹത്തെ അനുവദിക്കാത്ത ആത്മബലം! ആത്മാഭിമാനത്തിനും അഹങ്കാരത്തിനും കൂടുകൊട്ടാൻ മനസ്സിനെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന പിശാചിൻെറ കുതന്ത്രങ്ങളെ തിരിച്ചറിഞ്ഞ് തകർത്തെറിയാനുള്ള *ഇഖ്ലാസ്!* 'സലഫു'കളുടെ (സച്ചരിത മുൻഗാമികളുടെ) ഈ *ഇഖ്ലാസ്വാണ്* 'ഖലഫു'കൾക്ക് (പിൻഗാമികൾക്ക്) നഷ്ടപ്പെട്ടിരിക്കുന്നത്.

* * *

ഇബ്നുഉമർ(റ)വിനെ ഒരാൾ 'ജനങ്ങളിലെ ഉത്തമരേ.... ജനങ്ങളിൽ ഉത്തമരുടെ മകനേ....' എന്നിങ്ങനെ അഭിസംബോധന ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു: *'ഞാൻ ജനങ്ങളിൽ ഉത്തമനല്ല. ഉത്തമരുടെ മകനുമല്ല. അല്ലാഹുവിനെ ഭയപ്പെടുകയും അവനിൽ പ്രതീക്ഷ പുലർത്തുകയും ചെയ്യുന്ന അവൻെറ അടിമകളിൽ ഒരാൾ മാത്രമാണ്. അല്ലാഹു തന്നെ സത്യം. നിങ്ങൾ ഒരു മനുഷ്യനെ നശിപ്പിക്കുവോളം പിടികൂടിക്കൊണ്ടിരിക്കുന്നു!'*

*(സിയറു അഅ്ലാമിന്നുബലാ 3/236)*

നോക്കൂ! ആത്മാഭിമാനത്തിൻെറ അപകടം മനസ്സിലാക്കി അതിൻെറ പഴുതുകൾ അടച്ചുകളയാനുള്ള ആർജ്ജവം! സച്ചരിത പൂർവ്വികരിലെ സാർവത്രികമായൊരു സ്വഭാവമാണിത്.

* * *

ഉമറുബ്നു അബ്ദിൽ അസീസ്(റ), ഖുലഫാഉർറാശിദുകൾക്കു ശേഷം സമ്പൂർണ്ണ ഇസ്ലാമിക ഭരണം തിരിച്ചുകൊണ്ടുവന്ന അമവീ കുടുംബത്തിലെ അതുല്യവ്യക്തിത്വം. നീതിനിഷ്ഠയിലും നടപടിക്രമങ്ങളിലും സ്വഭാവചര്യകളിലുമെല്ലാം ഇസ്ലാമിക മാതൃക പുനസ്ഥാപിച്ച ത്യാഗിവര്യൻ. വ്യക്തിജീവിതവും പൊതുജീവിതവുമെല്ലാം ഒരുപോലെ വിമലീകരിച്ച

വിശുദ്ധ വ്യക്തിത്വത്തിൻെറ ഉടമ.

ആ മഹൽ വ്യക്തിത്വത്തിൻെറ വിശുദ്ധരായ പതിനഞ്ചു മക്കൾക്കിടയിലെ തിളക്കമുള്ള ഒറ്റ മുത്താണ് അബ്ദുൽ മലിക്. ഭക്തിയിലും വിനയത്തിലും വിജ്ഞാനത്തിലുമെല്ലാം അബ്ദുല്ലാഹിബ്നു ഉമറിനെ അനുസ്മരിപ്പിക്കുന്ന പ്രകൃതം. മതകാര്യങ്ങളിലും ഭരണകാര്യങ്ങളിലുമെല്ലാം പിതാവിനെ സഹായിക്കുന്ന, പിതാവിൻെറ സ്നേഹം പിടിച്ചുപറ്റിയ സൽസന്താനം. അതായിരുന്നു അബ്ദുൽ മലിക്.

പക്ഷേ, പുത്രസ്നേഹം പടച്ചവൻെറ പൊരുത്തത്തിനുമുമ്പിൽ തടസ്സമായി നിലകൊള്ളാൻ പിതാവ് അനുവദിച്ചിരുന്നില്ല. വിജ്ഞാനവും വിനയവും ഭക്തിയുമെല്ലാമുണ്ടെങ്കിലും വല്ല നിമിഷവും തൻെറ മകൻ പൈശാചിക പ്രേരണകൾക്കിരയായിപ്പോയെങ്കിലോ എന്ന ഭീതിയിലായിരുന്നു അദ്ദേഹം.

സുന്ദരവും ശാദ്വലവുമായ *ഡമസ്കസ്* നഗരം വിട്ട് ഇസ്‌ലാമിക രാജ്യത്തിൻെറ അതിർത്തികളിലൊരിടത്ത് കാവൽക്കാരനായി താമസം തെരഞ്ഞെടുത്ത അബ്ദുൽ മലികിൻെറ ഓരോ ചുവടിലുമുള്ള വിവരങ്ങളറിയാൻ ഉമറുബ്നു അബ്ദിൽ അസീസ്(റ) അതീവ ശ്രദ്ധപുലർത്തിയിരുന്നു. അദ്ദേഹത്തിൻെറ കീഴിലെ *ഖാളി*യും മന്ത്രിയുമായിരുന്ന മിഹ്റാനുബ്നു മൈമൂൻ വിവരിക്കുന്ന ഒരു സംഭവം നോക്കുക:

"ഒരു ദിവസം ഞാൻ ഉമറുബ്നു അബ്ദിൽ അസീസിൻെറ അടുത്തുചെന്നപ്പോൾ അദ്ദേഹം തൻെറ മകൻ അബ്ദുൽ മലികിന് കത്തെഴുതിക്കൊണ്ടിരിക്കുകയാണ്. ഉൽബോധനവും സുവിശേഷവും താക്കീതുമെല്ലാമുണ്ട് ആ കത്തിൽ. അതിലെ ചില വരികൾ ഇപ്രകാരമായിരുന്നു :

*'...എന്നെക്കുറിച്ച് മനസ്സിലാക്കാനും എൻെറ ഉപദേശങ്ങളുൾക്കൊള്ളാനും ഏറ്റവും അർഹൻ നീ തന്നെയാണ്. അല്ലാഹുവിനാണ് സർവ്വസ്തുതിയും. ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും അവൻ നമുക്ക് നന്മ ചെയ്തിരിക്കുന്നു. മകനേ, നീ, നിനക്കും നിൻെറ പിതാവിനും അല്ലാഹു ചെയ്ത അനുഗ്രഹങ്ങളോർക്കുക. അഹന്തയും പൊങ്ങച്ചവും ഉണ്ടായിപ്പോകുന്നത് നീ കരുതിയിരിക്കുക. കാരണം, അത് പിശാചിൻെറ വേലകളിൽ പെട്ടതാണ്. അവൻ സത്യവിശ്വാസികളുടെ വ്യക്തമായ ശത്രുവാണ്.*

*ഞാൻ ഈ കത്തെഴുതുന്നത് നിന്നെക്കുറിച്ച് എന്തെങ്കിലും (തെറ്റായ) വിവരം കിട്ടിയതുകൊണ്ടല്ല. പ്രത്യുത, നിന്നെക്കുറിച്ച് ഞാൻ നല്ലതുമാത്രമേ മനസ്സിലാക്കിയിട്ടുള്ളൂ. എന്നാൽ, നിന്നിൽ അൽപം ആത്മാഭിമാനം കടന്നുകൂടിയതായി എനിക്ക് അറിയാൻ കഴിഞ്ഞിരിക്കുന്നു. ഞാൻ വെറുക്കുന്ന കാര്യത്തിലേക്ക് അത് നിന്നെ നയിച്ചാൽ നീ വെറുക്കുന്ന കാര്യമാ*

*യിരിക്കും എന്നിൽ നിന്ന് നിനക്ക് കാണാൻ കഴിയുക.......'*

ഇത്രയും എഴുതിയ ശേഷം ഉമറുബ്നുൽ അബ്ദിൽ അസീസ് എന്നെ തിരിഞ്ഞുനോക്കി ഇങ്ങനെ പറഞ്ഞു:

*"ഓ... മൈമൂൻ; എന്റെ മകൻ അബ്ദുൽ മലിക് എന്റെ കണ്ണിൽ ഉത്തമനായി തെളിഞ്ഞിരിക്കുന്നു. ഇക്കാര്യത്തിൽ എനിക്ക് എന്റെ ദേഹത്തെക്കുറിച്ച് ആശങ്കയുണ്ട്. അവനെക്കുറിച്ചുള്ള എന്റെ അറിവിനെ അവനോടുള്ള എന്റെ സ്നേഹം അതിജയിച്ചുകളയുമോ എന്ന് ഞാൻ ഭയപ്പെടുന്നു. സാധാരണ പിതാക്കൾക്ക് മക്കളോടുണ്ടാവാറുള്ള അന്ധമായ പുത്രവാത്സല്യം എന്നെ പിടികൂടിയിരിക്കുന്നു.... അതിനാൽ, താങ്കൾ അവന്റെയടുത്തുചെന്ന് അവന്റെ യഥാർത്ഥ നില അറിഞ്ഞുവരിക. അഹങ്കാരത്തോടും പൊങ്ങച്ചത്തോടും സാദൃശ്യമുള്ള വല്ലതും അവനിലുണ്ടോ എന്ന് താങ്കൾ പരിശോധിക്കുക... കാരണം, ചെറുപ്പക്കാരനായതിനാൽ, അവൻ പൈശാചിക സ്വാധീനങ്ങളിൽ പെട്ടുപോകുകയില്ലെന്ന് എനിക്കൊട്ടും നിർഭയത്വമില്ല."*
*(സ്വുവറുൻ മിൻ ഹയാതിത്താബിഈൻ)*

നോക്കൂ, ഒരു പിതാവിന്റെ ജാഗ്രത. വിശാലമായ ഇസ്ലാമിക രാജ്യത്തിന്റെ മുഴുവൻ അധികാരവും സ്വായത്തമാക്കിയിട്ടും രാജ്യപ്രശ്നങ്ങളുടെ സങ്കീർണതകൾക്കിടയിലും സ്വന്തം കുടുംബത്തിന്റെ ഇസ്ലാമിക വളർച്ചയിലുള്ള ദത്തശ്രദ്ധ. വിശ്വാസത്തിലും തഖ്വയിലും സൽസ്വഭാവത്തിലുമെല്ലാം തന്റെ മതിപ്പ് പിടിച്ചുപറ്റിയവനായിരുന്നിട്ടും മകന്റെ മനസ്സിലെവിടെയോ ആത്മാഭിമാനത്തിന്റെ ഒരംശമുണ്ടെന്ന് അകലെനിന്ന് നോക്കിക്കാണാനും അതിന്നെതിരെ താക്കീതുചെയ്യാനും ആ പിതാവിന് സാധിച്ചു. പുത്രവാത്സല്യം ഒരിക്കലും അദ്ദേഹത്തിന് ഭക്തിമാർഗ്ഗത്തിൽ തടസ്സമായിരുന്നില്ല.

ഇതാണ് സച്ചരിത പൂർവ്വികരുടെ മാതൃക. അഹങ്കാരത്തിനും ആത്മാഭിമാനത്തിനും.അവരുടെ ജീവിതത്തിൽ ഇടമുണ്ടായിരുന്നില്ല. വിനയത്തിനും താഴ്മയ്ക്കുമായിരുന്നു അവരുടെ മനസ്സിൽ സ്ഥാനമുണ്ടായിരുന്നത്.

* * *

*അമീനുൽഉമ്മ അബൂഉബൈദതുബ്നുൽ ജർറാഹ്(റ)*ന്റെ വാക്കുകളിൽ നിഴലിക്കുന്ന വിനയവും താഴ്മയും നോക്കൂ:

*"ജനങ്ങളേ... ഞാൻ ഖുറൈശികളിൽപെട്ടൊരു മനുഷ്യനാണ്. എന്നാൽ, തഖ്വയിൽ എന്നേക്കാൾ മുന്നിട്ടുനിൽക്കുന്ന നിങ്ങളിലെ ഏതൊരു കറുത്തവന്റേയും ചുവന്നവന്റേയും തൊലിക്കുള്ളിൽ ഞാൻ ആയിത്തീരണമെന്നാണ് (അഥവാ -അയാളുടെ മാർഗ്ഗരീതിയിൽ നിലകൊള്ളാനാണ്) എന്റെ ആഗ്രഹം."*
*– സിയറു അഅ്ലാമിന്നുബലാ 3/236)*

ആത്മാഭിമാനത്തിനെതിരിലുള്ള ജിഹാദിൻെറ ഭാഗമാണ് ഈ വിനയം. യഥാർത്ഥ ദൈവഭക്തിയിൽ നിന്നു പ്രചോദനമുൾക്കൊണ്ട് ദേഹേച്ഛയെ അടിച്ചമർത്തിയവർക്ക് മാത്രം സ്വായത്തമാവുന്ന യഥാർത്ഥ വിനയം.

* * *

അബൂവഹബുൽ മറൂസി പറയുന്നു:

"അഹങ്കാരമെന്നാലെന്താണെന്ന് അബ്ദുല്ലാഹിബ്നുമുബാറകി (റ)നോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു :

*'അഹങ്കാരമെന്നാൽ ജനങ്ങളെ നിന്ദിക്കലാകുന്നു.'*

'ആത്മാഭിമാനമെന്നാലോ?.'

*'മറ്റുള്ളവരിലില്ലാത്ത വല്ലതും തൻെറ പക്കലുണ്ടെന്ന വിചാരം. നമസ്കാരക്കാരിൽ ആത്മാഭിമാനത്തേക്കാൾ അപകടകരമായി വല്ലതും ഉള്ളതായി എനിക്കറിയില്ല.'-അദ്ദേഹം പറഞ്ഞു"* *(Ibid 8/407)*

നോക്കൂ. ആത്മാഭിമാനത്തെ എത്ര അപകടകരമായിട്ടാണ് സച്ചരിതപൂർവ്വീകന്മാർ മനസ്സിലാക്കിയിരുന്നത്!.

* * *

'*ഫുളൈലുബ്നു ഇയാളും (فضيل بن عياض) സുഫ്യാനുഥൗരി*യും ഒരിടത്ത് ഒത്തുചേർന്നു. ഇരുവരും അല്ലാഹുവിനെക്കുറിച്ച സംസാരത്തിലാണ്. അങ്ങനെ സുഫ്യാനുഥൗരിയുടെ മനസ്സിളകി. അദ്ദേഹം കരയാൻ തുടങ്ങി.

*'ഈ സദസ്സ് നമുക്കിരുവർക്കും അനുഗ്രഹത്തിൻേറയും കാരുണ്യത്തിൻേറയും സദസ്സായിരിക്കട്ടെ എന്ന് ഞാനാശിക്കുന്നു.'* -അദ്ദേഹം പറഞ്ഞു. ഇതുകേട്ട് ഫുളൈൽ(റ) പറഞ്ഞു:

*'ഓ, അബൂഅബ്ദില്ലാഹ്! ഈ സദസ്സ് നമുക്ക് അപകടം വരുത്തുമോ എന്നാണെൻെറ ഭയം! നമ്മുടെ സംസാരത്തിൽ നാം നിഷ്കളങ്കത കാണിച്ചിട്ടുണ്ടോ? ഞാൻ താങ്കൾക്കും താങ്കൾ എനിക്കും വേണ്ടി സംസാരത്തിൽ ഭംഗിവരുത്തിയിട്ടില്ലേ?.....'*

*ഇതുകേട്ടതോടെ സുഫ്യാനുഥൗരിയുടെ കരച്ചിലിന് കനംകൂടി.'*

*(സിയർ 8/439)*

ഇതാണ് മഹാന്മാരുടെ മാതൃക. സ്വന്തം സൽകർമ്മങ്ങളെക്കുറിച്ച്, അതിൽ ആത്മാഭിമാനത്തിൻെറ അലകൾ ബാധിച്ചിട്ടുണ്ടോ എന്ന കാര്യത്തെക്കുറിച്ച് ഭയത്തിലായിരുന്നു അവർ.

നാം കരുതുന്നു: നാം പലതും പ്രവർത്തിച്ചിട്ടുണ്ടെന്ന്. നമസ്

കാരവും നോമ്പും സകാതും ഹജ്ജും മാത്രമല്ല; സാമൂഹ്യസേവനങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും മതപ്രബോധന കർമ്മങ്ങളും സമുഹോദ്ധാരണ സംരംഭങ്ങളും.... മറ്റുംമറ്റുമായി നമുക്കെത്രയാണ് ആളുകൾക്കുമുമ്പിൽ എടുത്തുനിരത്താനുള്ളത്?! എന്നാൽ; ഒരു മില്ലീഗ്രാമിൻെറ എത്ര ആയിരത്തിലൊരംശമാണതിൽ അല്ലാഹുവിൻെറ ത്രാസിൽ കനം തൂങ്ങാനുണ്ടാവുക?.

ഇമാം നസാഈ ഉദ്ധരിക്കുന്ന ഒരു നബിവചനം ശ്രദ്ധിക്കുക:

((إنَّ الله لا يقبل من العمل إلا ما كان خالصا وابتغي به وجهه))

*"നിഷ്കളങ്കവും അല്ലാഹുവിൻെറ പ്രീതിമാത്രം ആഗ്രഹിച്ചുകൊണ്ട് നിർവ്വഹിക്കപ്പെട്ടതുമല്ലാത്ത യാതൊരു കർമ്മവും അല്ലാഹു സ്വീകരിക്കുകയില്ലതന്നെ."* *(നസാഈ/3140)*

'ഇഖ്‌ലാസി'നെ തകർക്കാൻ കാപട്യത്തിൻെറ കെണികളുമായി കാത്തിരിക്കുന്ന പിശാച് നൽകുന്ന 'മധുരമിഠായി'കളിൽ മനുഷ്യമക്കൾ മയങ്ങിപ്പോകുന്നു! പിന്നീടവർ കണ്ണുതുറക്കുന്നത് മരണനേരത്താണ്. പക്ഷേ, അപ്പോൾ കണ്ണുതുറന്നതുകൊണ്ട് യാതൊരു ഫലവുമില്ല. അതിനാൽ, കാര്യം വളരെ ഗുരുതരമാണ്. ശരിയായ ശ്രദ്ധയും സൂക്ഷ്മതയുമില്ലെങ്കിൽ മരിച്ചുചെല്ലുമ്പോൾ നമുക്ക് അഭിമുഖീകരിക്കാനുണ്ടാവുക നരകമാണ്.

നല്ലനടപ്പുശീലമുള്ള, നല്ലതുമാത്രം വിചാരിക്കുകയും നല്ലതുമാത്രം പ്രവർത്തിക്കുകയും ചെയ്ത സലഫുകൾ (സച്ചരിതപൂർവ്വികന്മാർ) ഇത്തരം കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചാണ് വേവലാതിപ്പെട്ടിരുന്നത്. വ്യക്തിപരമായ എതിരാളികളെക്കുറിച്ചോ പാർട്ടിപരമായ[7] ശത്രുക്കളെക്കുറിച്ചോ ചിന്തിച്ചുകൊണ്ടായിരുന്നില്ല അവർ ഉറക്കമൊഴിച്ചിരുന്നത്. പ്രത്യുത, തന്നെ നരകത്തിലേക്ക് തള്ളിവിടുന്ന പിശാചിനെക്കുറിച്ച്, തൻെറ കർമ്മങ്ങളെ പാഴാക്കിക്കളയുന്ന കാപട്യത്തെക്കുറിച്ച്, തൻെറ മനസ്സിലെ 'ഇഖ്‌ലാസ്' നശിപ്പിക്കുന്ന *ഹിപ്പോക്രിസി*യെക്കുറിച്ച്. അതേക്കുറിച്ചെല്ലാമായിരുന്നു അവർ അസ്വസ്ഥരായിരുന്നത്.

* * *

പ്രഖ്യാത സ്വഹാബിവര്യനായിരുന്ന അബുദ്ദർദാഅ്(റ) ഇസ്‌ലാമിൻെറ പ്രകാശത്തിലേക്കാനയിക്കപ്പെട്ടത് മുതൽ, തനിക്ക് നഷ്ടപ്പെട്ട നാളുകളെക്കുറിച്ച് വിലപിക്കുകയായിരുന്നു. തൻെറ ഓരോ നിമിഷവും ഇബാദത്തിനും വിജ്ഞാനസമ്പാദനത്തിനുംവേണ്ടി നീക്കിവെക്കുകയായിരുന്നു.

7. ഇസ്‌ലാം മതമല്ലാതെ മറ്റുപാർട്ടികളൊന്നും അവർക്കുണ്ടായിരുന്നില്ല.

നല്ലൊരു കച്ചവടക്കാരനായിരുന്ന അബുദ്ദർദാഅ്(റ) ഇബാദത്തും കച്ചവടവും സമന്വയിപ്പിച്ചുകൊണ്ടുപോവാൻ പരിശ്രമിച്ചുനോക്കി. പക്ഷേ, അദ്ദേഹം പരാജയപ്പെടുകയായിരുന്നു. അല്ലാഹുവിൻെറ ഗ്രന്ഥം മനഃപാഠമാക്കുക, അതിൻെറ ആശയം ഗ്രഹിച്ചെടുക്കുക, മതവിജ്ഞാനം സമ്പാദിക്കുക, അല്ലാഹുവിന് പരമാവധി ഇബാദത്ത് നിർവ്വഹിക്കുക എന്നിങ്ങനെ അദ്ദേഹത്തിൻെറ സമയം ചുരുങ്ങുകയായിരുന്നു. അതിൽ അദ്ദേഹം ആനന്ദം കണ്ടെത്തുകയായിരുന്നു. കച്ചവടത്തിന് നിൽക്കുമ്പോൾ ആ ആത്മീയമായ ആനന്ദം എങ്ങോ പോയിപ്പോകുന്നു. ഇൽമിൻെറ *മജ്‌ലിസു*കൾ നഷ്ടപ്പെടുന്നു. ഇത് മനസ്സിലാക്കിയ അബുദ്ദർദാഅ് ഒട്ടും സംശയിച്ചുനിന്നില്ല. അല്ലാഹുവിൻെറ മാർഗ്ഗത്തിന് തടസ്സമായി നിലകൊണ്ട കച്ചവടത്തെ അദ്ദേഹം വലിച്ചെറിഞ്ഞു! ഈ കഥ അദ്ദേഹം തന്നെ വിവരിക്കുന്നത് നോക്കൂ:

*"റസൂൽ(സ്വ)യുമായി പരിചയപ്പെടുന്നതിന് മുമ്പ് ഞാനൊരു കച്ചവടക്കാരനായിരുന്നു. ഞാൻ ഇസ്‌ലാം വിശ്വസിച്ചപ്പോൾ കച്ചവടവും ഇബാദത്തും സമന്വയിപ്പിച്ചുകൊണ്ടുപോവാനായിരുന്നു എൻെറ ശ്രമം. പക്ഷേ, അതെനിക്ക് വഴങ്ങിയില്ല. അപ്പോൾ ഞാൻ കച്ചവടമുപേക്ഷിച്ച് ഇബാദത്തുകൾക്കായി മുന്നിട്ടിറങ്ങി.*

*'അബുദ്ദർദാഇൻെറ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെ സത്യം! പള്ളിക്കവാടത്തിൽ എനിക്കൊരു കച്ചവടസ്ഥാപനമുണ്ടാവുകയും ഒരൊറ്റ നമസ്കാരത്തിൻേറയും ജമാഅത്ത് നഷ്ടപ്പെടാതെത്തന്നെ കച്ചവടം ചെയ്തുകൊണ്ട് പ്രതിദിനം 300 ദീനാർ ലാഭംകിട്ടുകയും ചെയ്യുന്നതിൽ ഇന്നെനിക്ക് യാതൊരു താൽപര്യവുമില്ല. അല്ലാഹു കച്ചവടം വിലക്കിയിട്ടുണ്ടെന്ന് ഞാൻ പറയുന്നില്ല. പ്രത്യുത, അല്ലാഹുവിൻെറ സ്മരണയിൽനിന്ന് കച്ചവടമോ വ്യാപാരമോ ശ്രദ്ധതിരിച്ചുകളയാത്തവരുടെ ഗണത്തിൽ; അതെ, - (لا تلهيهم تجارة ولا بيع عن ذكر الله) എന്ന് അല്ലാഹു ഖുർആനിൽ വിശേഷിപ്പിച്ചവരുടെ ഗണത്തിൽ- ഉൾപ്പെടണമെന്നാണെൻെറ അഭിലാഷം."*

കച്ചവടം മാത്രമല്ല; ദുൻയാവിലെ സകല അലങ്കാരങ്ങളും ഉപേക്ഷിച്ച്, ജീവിതം നിലനിർത്താനാവാശ്യമായ ഭക്ഷ്യപാനീയങ്ങളിലും ഉടയാടകളിലും മാത്രം തൃപ്തിപ്പെടുകയും ശേഷിച്ച സമയവും സന്ദർഭങ്ങളും അല്ലാഹുവിൻെറ ദീനിനുവേണ്ടി വിനിയോഗിക്കുകയുമായിരുന്നു അദ്ദേഹം.

○ ഇതായിരുന്നു അബുദ്ദർദാഅ്(റ). ഈ അബുദ്ദർദാഅ്(റ) തൻെറ നമസ്കാരത്തിൻെറ അവസാനത്തിൽ ധാരാളമായി ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു:

*"അല്ലാഹുവേ... നിഫാഖി(കാപട്യത്തി)ൽ നിന്ന് ഞാൻ നിന്നോട് കാവൽചോദിക്കുന്നു......"*

ഇതുകണ്ട ജുബൈറുബ്നു നുഫൈർ ചോദിച്ചു:

((ما لك يا أبا الدرداء أنت والنفاق)) سير اعلام النبلاء ٦/٣٨٢

*'അബുദർദ്ദാഅ്! താങ്കൾക്ക് കാപട്യവുമായി എന്തുബന്ധമാണുള്ളത്?!'*

അതിന്ന് അബുദ്ദർദാഅ്(റ)ൻെറ മറുപടിയെന്തായിരുന്നുവെന്നോ?.

((دعنا عنك، دعنا عنك. فو الله إن الرجل ليقلب عن دينه في الساعة الواحدة فيخلع منه.))

*"താങ്കൾ എന്നെ വിടുക.... അല്ലാഹുതന്നെ സത്യം! മനുഷ്യൻ തൻെറ ദീനിൽനിന്ന് തെറ്റിക്കപ്പെട്ട് മതഭ്രഷ്ടനായിമാറാൻ ഒരു ചെറിയസമയം മതി."* *(സിയറു അഅ്ലാമിന്നുബലാ 6/383)*

ഇതാണ് മനുഷ്യൻെറ അവസ്ഥ! മനുഷ്യനെ വഴിതെറ്റിക്കാൻ അവസരം പാർത്തുകഴിയുന്ന പിശാചിൻെറ പിടിയിൽ നിന്ന് രക്ഷപ്രാപിക്കാൻ അല്ലാഹുവിൻെറ പ്രത്യേക ഔദാര്യംതന്നെ വേണം. അതുകൊണ്ടാണ് മഹാന്മാരായ ആളുകൾ തങ്ങളുടെ *ഈമാനി*ൻെറ കാര്യത്തിൽ ഇത്രയേറെ ആശങ്കാകുലരായിരുന്നത്.

അപ്പോൾ ആ മഹാന്മാരുടെ ആത്മാർത്ഥതയുടെ ആയിരത്തിലൊരംശം പോലുമില്ലാത്ത നമ്മുടെ സ്ഥിതിയോ?. നാം തൊടുന്നതും തലോടുന്നതും 'നിഫാഖ'ല്ലേ?. നാം കാണുന്നതും കാണിക്കുന്നതും 'നിഫാഖ'ല്ലേ? കേൾക്കുന്നതും കേൾപ്പിക്കുന്നതും 'നിഫാഖ'ല്ലേ. പരലോകത്ത് നമ്മുടെ സ്ഥാനമെവിടെയായിരിക്കുമെന്ന് നാം ഗൗരവപൂർവ്വം ആലോചിക്കേണ്ടതുണ്ട്. മഹാന്മാരായ ആളുകൾ (സലഫുസ്വാലിഹുകൾ) വാക്കിലും നോക്കിലും സത്യസന്ധത പുലർത്തുന്നവരായിരുന്നു. അവരുടെ കണ്ണും കാതും കാപട്യത്തിൽനിന്ന് സുരക്ഷിതമായിരുന്നു. എന്നിട്ടും അവർക്ക് ഭയപ്പാടായിരുന്നു!

○ പ്രമുഖ സ്വഹാബിവര്യനായിരുന്ന അബ്ദുല്ലാഹിബ്നു അംറ്(റ) മരണാസന്നനായപ്പോൾ ഇപ്രകാരം പറയുകയുണ്ടായി:

*"നിങ്ങൾ ഖുറൈശികളിൽ പെട്ട 'ഇന്നാലിന്ന' വ്യക്തിയെ അന്വേഷിക്കുക. ഞാൻ എൻെറ മകളുടെ കാര്യത്തിൽ അദ്ദേഹത്തോട് ഏകദേശം വാഗ്ദത്തരൂപമുള്ളൊരു സംസാരം നടത്തിയിട്ടുണ്ടായിരുന്നു. 'നിഫാഖി' (കാപട്യത്തി)ൻെറ മൂന്നിലൊരംശവുമായി അല്ലാഹുവിനെ കണ്ടുമുട്ടുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. അതിനാൽ, നിങ്ങളെ സാക്ഷിയാക്കി ഞാൻ പറയുന്നു: എൻെറ മകളെ ഞാൻ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുത്തിരിക്കുന്നു."* *(സിയറുഅഅ്ലാമിന്നുബലാ - 8/396)*

'സംസാരിച്ചാൽ കളവുപറയുക, വാഗദത്തം ചെയ്താൽ ലംഘി

ക്കുക, വിശ്വസിച്ചാൽ ചതിക്കുക, എന്നീ മൂന്നുകാര്യങ്ങൾ കപടവിശ്വാസികളുടെ ലക്ഷണമായി നബി(സ്വ) പഠിപ്പിച്ചത് അബ്ദുല്ലാഹിബ്നു അംറ്(റ)നെ അഗാധമായി ചിന്തിപ്പിക്കുകയായിരുന്നു. യഥാർത്ഥത്തിൽ അദ്ദേഹം വാഗ്ദത്തം ചെയ്തിട്ടില്ല. വാഗ്ദത്തത്തോട് സാദൃശ്യമുളെളാരു സംസാരം നടത്തിയിരുന്നുവെന്നേയുളളൂ. എന്നിട്ടും അത് കാപട്യത്തിന്റെ അടയാളമായ 'കരാർലംഘന'മായിത്തീരുമോയെന്ന ഭയമായിരുന്നു അദ്ദേഹത്തിന്!.

○ നാം മാതൃകയാക്കേണ്ട 'സലഫുകൾ' ഇവരാണ്. ഇത്തരം മാതൃകകൾ നമ്മിൽനിന്ന് നാടുനീങ്ങുകയും നാഴികക്കു നാൽപതു വട്ടം വാക്കുമാറ്റുന്ന ഭൗതികരാഷ്ട്രീയക്കാരുടെ സംസാരങ്ങൾ നമ്മുടെ കാതിലും മനസ്സിലും കൂടുതൽ സ്വാധീനംനേടുകയും ചെയ്തപ്പോൾ നമ്മുടെ വാക്കുകൾക്കും വാഗ്ദത്തങ്ങൾക്കും ജീവിതത്തിൽ വില നഷ്ടപ്പെട്ടിരിക്കുകയാണ്. എന്നിട്ടും നമുക്ക് ശുഭപ്രതീക്ഷകളല്ലേയുളളൂ! പരലോകം സുരക്ഷിതമായിരിക്കയാണെന്ന മട്ടിലല്ലേ നമ്മുടെ ഭാവം?. *ഫുളൈലുബ്നു ഇയാള്(റ)*ന്റെ വാക്കുകൾ ഓർമ്മവരികയാണിവിടെ:

((يا مسكين أنت مسيء وترى أنك محسن، وأنت جاهل وترى أنك عالم، وتبخل وترى أنك كريم، وأحمق وترى أنك عاقل... أجلك قصير وأملك طويل.))

*"ഓ! മിസ്കീൻ....! തിന്മ ചെയ്യുന്ന നിന്റെ വിചാരം നീ നന്മ ചെയ്യുന്നവനാണെന്നാണ്! നീ അജ്ഞനാണ്. പക്ഷേ, നിന്റെ വിചാരം നീ പണ്ഡിതനാണെന്നാണ്!. നീ ലുബ്ധനാണ്. പക്ഷേ, നീ കരുതുന്നതോ? വലിയ ഔദാര്യവാനാണെന്നും! നീ വിഡ്ഢിയാണ്. പക്ഷേ, നീ കരുതുന്നതോ? വലിയ ബുദ്ധിമാനാണെന്നും! അൽപം മാത്രമാണ് നിന്റെ ആയുസ്സ്. നിന്റെ ആഗ്രഹമാകട്ടെ സുദീർഘവും!" (സിയർ 8/440)*

## പരസ്യപ്പെടുത്താത്ത പരസഹായം.

വരിഹാസ്യമായ പ്രകടനപരതയുടെ പിന്നോക്കയുഗത്തിലാണല്ലോ നാമുളളത്. നമുക്ക് മനസ്സിലാകാത്ത ഭാഷയും ശൈലിയുമാണ് നമ്മുടെ മുൻഗാമികളുടെ (സലഫുകളുടെ) ജീവിതത്തിന്ന് നാം കാണുന്നത്. ആ അന്യമായ ഭാഷയും ശൈലിയും തന്നെയാണവരെ വിജയത്തിലേക്കാനയിച്ചത്.

ഇമാം അബ്ദുല്ലാഹിബ്നു മുബാറകി(റ)നെത്തന്നെ ഉദാഹരിച്ചോട്ടെ. ഇടക്കിടെയുളള തന്റെ *ത്വർസൂസ്* സന്ദർശനത്തിനിടെ അദ്ദേഹം *രിഖ്ഖ*യിൽ വിശ്രമിക്കാറുണ്ടായിരുന്നു. അവിടെ സ്ഥിരമായി ഒരു യുവാവ് വന്ന് അദ്ദേഹത്തിനു വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുകയും അദ്ദേ

ഹത്തിൽ നിന്ന് ഹദീസ് കേട്ടുപഠിക്കുകയും ചെയ്യാറുണ്ടായിരുന്നു.

ഒരിക്കൽ ഇബ്നുമുബാറക് *രിഖ്ഖയിൽ* വന്നപ്പോൾ ആ യുവാവിനെ കാണാനില്ല. അദ്ദേഹമാകട്ടെ യുദ്ധമുന്നണിയിലേക്ക് പോവാനുള്ള ധൃതിയിലുമായിരുന്നു. യുദ്ധം കഴിഞ്ഞു രിഖ്ഖയിൽ തിരിച്ചെത്തിയ ഇബ്നുമുബാറക്(റ) ആ യുവാവിനെക്കുറിച്ചന്വേഷിച്ചു. അപ്പോഴാണ് ആളുകൾ പറയുന്നത്; ആ യുവാവ് ആർക്കോ ഒരാൾക്ക് കുറച്ചു കടംവീട്ടാനുള്ളതിൻെറപേരിൽ അറസ്റ്റ് ചെയ്യപ്പെട്ടിരിക്കയാണെന്ന്! ഇബ്നുമുബാറക്(റ) അദ്ദേഹത്തിൻെറ കടബാധ്യത എത്രയാണെന്നന്വേഷിച്ചു. അപ്പോൾ അവർ പറഞ്ഞു: 'പതിനായിരം ദിർഹമാണെന്ന്.'

ഉടനെ അദ്ദേഹം ഉത്തമർണ്ണനെ (Creditor) തേടിപ്പുറപ്പെട്ടു. ഉത്തമർണ്ണനെ കണ്ടുപിടിച്ചു അയാളോട് രാത്രിസമയത്ത് തൻെറയടുത്തുവരാൻ ആവശ്യപ്പെട്ടു. അങ്ങനെ അയാൾ രാത്രിസമയത്ത് ഇബ്നുമുബാറകി(റ)ൻെറ അടുത്തെത്തി. ഇബ്നുമുബാറക്(റ) അയാൾക്ക് പതിനായിരം ദിർഹം എടുത്തുകൊടുത്തു. എന്നിട്ട് അയാളോട് ഒരുകരാർ വാങ്ങിച്ചു. എന്തായിരുന്നു ആ കരാർ എന്നല്ലേ?.

*'അബ്ദുല്ല (ഇബ്നുമുബാറക്) ജീവിച്ചിരിക്കുന്ന കാലത്തോളം താങ്കൾ ഈ വിവരം ഒരൊറ്റ മനുഷ്യനോടും പറയാൻ പാടില്ല.'*

**എങ്ങനെയുണ്ട് കരാർ?! ആധുനികയുഗത്തിലെ 'സംഘടനാ ടെക്നോളജി'ക്ക് അന്യമായ ഈ കരാറിൻെറ മറവിൽ ആ പാവം യുവാവ് കടത്തിൽനിന്ന് മുക്തനായി! അബ്ദുല്ലാഹിബ്നു മുബാറകാകട്ടെ ആരും കാണാതെ ഇരുളിൻെറ മറവിൽ സ്ഥലം വിടുകയും ചെയ്തു.**

പിറ്റേന്ന് ജയിൽമോചിതനായ യുവാവിനോട് ആരോ പറഞ്ഞു: *'ഇബ്നുമുബാറക് അയാളെ അന്വേഷിച്ചിരുന്നുവെന്ന്'*. ഉടനെ യുവാവ്, ഇബ്നുമുബാറകിനെതേടി പുറപ്പെട്ടു. *രിഖ്ഖയിൽ* നിന്ന് രണ്ടോ മൂന്നോ *മർഹല* താണ്ടിയപ്പോൾ അയാൾക്ക് ഇബ്നുമുബാറകിനെ കണ്ടെത്താനായി. യുവാവിനെകണ്ട ഇബ്നുമുബാറക് അയാളുടെ വിവരങ്ങളെല്ലാം അന്വേഷിച്ചു: 'ഞാൻ *രിഖ്ഖയിൽ* വന്നപ്പോൾ താങ്കളെ കണ്ടില്ലല്ലോ. താങ്കൾക്കെന്തുപറ്റി?.' -ഇബ്നു മുബാറക് ചോദിച്ചു.

*'ഞാനൊരു കടത്തിൻെറ പേരിൽ അറസ്റ്റുചെയ്യപ്പെട്ടിരുന്നു.!'* -യുവാവ് പറഞ്ഞു.

*'ഇപ്പോൾ എങ്ങനെയാണ് താങ്കൾ ജയിൽമുക്തനായത്?.'*

*'ഏതോ ഒരു മനുഷ്യൻ വന്നു എൻെറ കടംവീട്ടി. എനിക്കദ്ദേഹ*

*ത്തെക്കുറിച്ചറിയില്ല. അങ്ങനെയാണ് ഞാൻ ജയിൽമുക്തനായത്.'*

യുവാവിൻെറ മറുപടി കേട്ടപ്പോൾ ഇബ്നുമുബാറകിന്(റ) സമാധാനമായി. തൻെറ സ്വകാര്യദാനം സ്വകാര്യമായിത്തന്നെ നിലനിൽക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയായിരുന്നു അദ്ദേഹം. ശേഷം യുവാവിനോടായി ഇങ്ങനെ പറഞ്ഞു:

*"കടംവീട്ടാൻ അല്ലാഹു താങ്കളെ സഹായിച്ചതിൽ താങ്കൾ അല്ലാഹുവിനെ സ്തുതിക്കുക."*

ഇത്രയും പറഞ്ഞ് അവരിരുവരും വഴിപിരിഞ്ഞു. ഇബ്നുമുബാറക്(റ) മരിക്കുന്നതുവരെ ആ ഉത്തമർണ്ണൻ (Creditor) ഇബ്നുമുബാറക്(റ) ചെയ്ത ആ സ്വകാര്യസഹായത്തെക്കുറിച്ച് ഒരാളോടും സംസാരിച്ചിരുന്നില്ല.' *(സ്വിഫതുസ്സ്വഫ്വ 4/141, 142)*

സച്ചരിത പൂർവ്വീകരുടെ (സലഫുകളുടെ) മാതൃകയിതാണ്. ഇത്തരം മാതൃക പിന്തുടരുന്നവരാണ് സലഫികൾ. സച്ചരിതപൂർവ്വീകന്മാർക്ക് ആത്മ പ്രശംസയറിയില്ല. മറ്റുളളവരുടെ പ്രശംസയ്ക്കായി അവർ പ്രവർത്തിക്കാറുമുണ്ടായിരുന്നില്ല. എന്നല്ല; പ്രവർത്തനങ്ങളെ പരമാവധി പരസ്യപ്പെടുത്താതിരിക്കുന്നതിലാണവർ ശ്രദ്ധകാണിച്ചിരുന്നത്.

* * *

**അ**ബൂഅബ്ദില്ലാഹ് എന്ന പേരിലറിയപ്പെട്ട *യൂനുസുബ്ന് ഉബൈദ്*, ജീവിതത്തിൽ ഏറെ സൂക്ഷ്മതപുലർത്തിയ പണ്ഡിതന്മാരിലൊരാളാണ്. ഹി. 139-ൽ മരിച്ച അദ്ദേഹം ഹസനുൽ ബസ്വരി, ഇബ്നുസീരീൻ, അത്വാഉബ്നു അബീറബാഹ്, ഇക്രിക തുടങ്ങിയ താബിഉകളിൽ നിന്ന് ധാരാളമായി ഹദീസ് റിപ്പോർട്ടുചെയ്തിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ച് ഹിശാമുബ്നുഹസ്സാൻ പറയുന്നു:

*"യൂനുസുബ്ന് ഉബൈദിനെയല്ലാതെ അല്ലാഹുവിൻെറ പ്രീതിക്കായി ഇൽമ് തേടുന്ന ഒരാളേയും ഞാൻ കണ്ടിട്ടില്ല."*

യൂനുസുബ്നു ഉബൈദിൻെറ ശ്രേഷ്ടതയാണിത് കാണിക്കുന്നത്. ഇങ്ങനെയുളള യൂനുസ്ബ്നു ഉബൈദിനെക്കുറിച്ച് ജഅ്ഫർബ്നു ബർഖാൻ പറയുന്നു:

*'യൂനുസുബ്നു ഉബൈദിൻെറ ശ്രേഷ്ടതകളെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ ഞാൻ അദ്ദേഹത്തിനെഴുതി: "സഹോദരാ..... താങ്കളുടെ നന്മകളേയും യോഗ്യതകളേയും സംബന്ധിച്ച് എനിക്ക് ചില വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. അപ്പോൾ അതേക്കുറിച്ച് താങ്കൾക്ക് നേരിട്ടെഴുതി ചോദിക്കാമെന്ന് കരുതിയിരിക്കയാണ്. താങ്കളുടെ യഥാർത്ഥ നിലയെന്താണെന്ന് ഒന്ന് അ*

*റിയിച്ചുതന്നാലും."*

കത്തുലഭിച്ച യൂനുസുബ്നുഉബൈദ് ഇങ്ങനെ മറുപടിയെഴുതി:

*'എന്റെ അവസ്ഥയെക്കുറിച്ചെഴുതി അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള താങ്കളുടെ കത്ത് കിട്ടി. ഞാനൊന്ന് പറയട്ടെ: തനിക്കിഷ്ടമുള്ള കാര്യം ജനങ്ങൾക്കുവേണ്ടി ഇഷ്ടപ്പെടാനും തനിക്ക് വെറുപ്പുള്ള കാര്യം ജനങ്ങൾക്കുവേണ്ടി വെറുക്കാനും ഞാൻ എന്റെ ദേഹത്തോടാവശ്യപ്പെട്ടപ്പോൾ അതിൽനിന്ന് എന്റെ ദേഹം എത്രയോ അകലെയാണെന്ന് എനിക്കു മനസ്സിലായി. നല്ലതുപറയാൻവേണ്ടി മാത്രമേ ജനങ്ങളുടെ പേര് പറയാവൂ എന്ന് ഞാനെന്റെ ദേഹത്തോട് ആവശ്യപ്പെട്ടുനോക്കി. പക്ഷേ, ബസ്റയിലെ കൊടുംചൂടുള്ള പകലിൽ നോമ്പനുഷ്ഠിക്കുന്നതാണ് അതിനേക്കാൾ എളുപ്പമെന്ന് എനിക്ക് കാണാൻ കഴിഞ്ഞു. ഇതാണ് എന്റെ അവസ്ഥ... വസ്സലാം.'* *(സ്വിഫതുസ്സ്വഫ്വ 3/300)*

❑ ഇതാണ് സലഫുകളുടെ സ്ഥിതി. സ്വന്തം കാര്യത്തെക്കുറിച്ച് അവർ ആശങ്കയിലായിരുന്നു. അവർ ആരുടെ മുമ്പിലും തങ്ങളെക്കുറിച്ചു സ്വയം പൊക്കിപ്പറയുകയോ മേനിപറയുകയോ മറ്റുള്ളവരുടെ പ്രശംസയ്ക്കായി പ്രവർത്തിക്കുകയോ ചെയ്യുമായിരുന്നില്ല. അത്തരം കാര്യങ്ങളെ സ്വന്തം ദേഹത്തിന്റെ ദോഷങ്ങളായിട്ടായിരുന്നു അവർ കണ്ടിരുന്നത്. തന്നെ നരകത്തിലേക്ക് നയിക്കുന്ന, ദേഹത്തിന്റെ എല്ലാതരം ദുഷ്പ്രേരണകളേയും തിരിച്ചറിയാൻ അവർക്ക് സാധിച്ചിരുന്നു.

*മുഹമ്മദുബ്നു മാലിക്കുബ്നുളൈഗം ഉദ്ധരിക്കുന്നു:*

*മൗലാനാ അബൂഅയ്യൂബ് എന്നോടിപ്രകാരം പറയുകയുണ്ടായി: "അബൂമാലിക് ഒരു ദിവസം എന്നോട് ഇപ്രകാരം പറഞ്ഞു: ഓ അബൂഅയ്യൂബ്! നിനക്കെതിരെയുള്ള നിന്റെ ദേഹത്തിന്റെ പ്രവർത്തനങ്ങളെ നീ കരുതിയിരിക്കുക. കാരണം, ഈ ദുൻയാവിൽ സത്യവിശ്വാസികളുടെ ദുഃഖത്തിന് അറുതിയില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അല്ലാഹുതന്നെ സത്യം! സത്യവിശ്വാസികൾക്ക് പരലോകത്ത് സന്തോഷം ലഭിക്കാത്തപക്ഷം അവരുടെമേൽ രണ്ടുകാര്യങ്ങൾ ഒത്തുചേരുന്നതാണ്. അഥവാ- ദുൻയാവിലെ ദുഃഖവും, പരലോകത്തെ നിർഭാഗ്യവും!"*

ഇതുപറഞ്ഞപ്പോൾ ഞാൻ ചോദിച്ചു: *'അല്ലാഹുവിന് വേണ്ടി ഈ ദുൻയാവിൽ കഷ്ടപ്പെടുന്നവർക്ക് പരലോകത്ത് സന്തോഷം ലഭിക്കില്ലെന്നോ?!'*

അപ്പോൾ അദ്ദേഹം പറഞ്ഞു:

*"അബൂഅയ്യൂബ്! അല്ലാഹു അത് സ്വീകരിച്ചിട്ടുണ്ടെന്നും അത് അ*

*വൻെറയടുത്ത് കുറ്റമറ്റതാണെന്നുമുള്ളതിന്ന് എന്താണുറപ്പ്?. സൽകർമ്മം പ്രവർത്തിച്ചവരാണെന്ന് സ്വയംകരുതുന്ന എത്രയെത്ര മനുഷ്യരാണുള്ള ത്?! പക്ഷേ, അന്ത്യനാളിൽ ആ കർമ്മങ്ങൾ ഒരുമിച്ചുകൂട്ടി അവരുടെ മുഖ ത്തേക്കെടുത്തെറിയപ്പെടുന്നതാണ്!." (സ്വിഫ്തുസ്വഫ്വ : 3/360)*

□ മനുഷ്യകർമ്മങ്ങളുടെ യഥാർത്ഥ നിലയറിയുന്നവൻ അല്ലാഹുവാണ്. അവൻെറയടുത്ത് സ്വീകരിക്കപ്പെടാത്ത ഒരു കർമ്മംകൊണ്ട് സൃഷ്ടികൾക്ക് യാതൊരു പ്രയോജനവുമില്ല. ക്ഷണികമായ ഐഹികനേട്ടങ്ങൾ അതുകൊണ്ട് ലഭിച്ചാൽ തന്നെ, പരലോകത്തെത്തുമ്പോൾ അവർ കനത്ത ഖേദത്തിലും കടുത്ത ദുഃഖത്തിലുമായിരിക്കും. അതുകൊണ്ട്, കർമ്മങ്ങൾ സ്വീകരിക്കപ്പെടാനായി അല്ലാഹുവിനോട് ആത്മാർത്ഥമായി അപേക്ഷിക്കുക മാത്രമല്ല; അവൻ നിർദ്ദേശിച്ചുതന്ന രീതിയിലും സ്വഭാവത്തിലും മാത്രം അത് നിർവ്വഹിക്കുകയും വേണം.

## പ്രസിദ്ധിയാഗ്രഹിക്കാത്ത 'പ്രസിദ്ധ'ന്മാർ

**അല്ലാഹുവിൻെറ പ്രീതിയോടൊപ്പം മറ്റുള്ളവരുടെ പ്രീതിയും പ്രശംസയും കൊതിച്ചുപോയ യാതൊരു പ്രവർത്തനവും അല്ലാഹു സ്വീകരിക്കുകയില്ല. മനുഷ്യനുമുമ്പിലെ വലിയൊരു പരീക്ഷണമാണിത്. വലിയ മനഃശക്തിയും സഹനവും ആവശ്യമുള്ള ശക്തമായ പരീക്ഷണം. പിശാചിൻെറ ഏറ്റവുമേറെ 'സർക്കുലേഷനു'ള്ള പ്രവർത്തനങ്ങളിലൊന്നാണിത്. അതുകൊണ്ടാണ് മഹാന്മാരായ മുൻഗാമികൾ പ്രസിദ്ധിയുടെ പാത പാടെ വെടിഞ്ഞതും അപ്രശസ്തരായി കഴിയാൻ ആഗ്രഹിച്ചതും.**

പ്രമുഖ സ്വഹാബിവര്യനായിരുന്ന അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) ഒരിക്കൽ നടക്കാനിറങ്ങിയപ്പോൾ ചില ആളുകൾ അദ്ദേഹത്തെ പിന്തുടർന്നു. അപ്പോൾ അദ്ദേഹം ചോദിച്ചു: *'നിങ്ങൾക്ക് വല്ല ആവശ്യവുമുണ്ടോ?.'*

*'ഇല്ല. ഞങ്ങൾ നിങ്ങളോടൊപ്പം നടക്കാമെന്ന് കരുതി ഇറങ്ങിയതാണ്.'* -അവർ പറഞ്ഞു. ഇതുകേട്ടു ഇബ്നുമസ്ഊദ്(റ) പറഞ്ഞു:

*'നിങ്ങൾ തിരിച്ചുപോവുക. അനുഗമിക്കുന്നവർക്ക്നിന്ദ്യതയും അനുഗമിക്കപ്പെടുന്നവന് നാശവുമാണത്.' (സ്വിഫതുസ്സ്വഫ്വ 1/406)*

* * *

പ്രമുഖ താബിഉകളിൽ ഒരാളായിരുന്നു മുഹമ്മദുബ്ൻസീരീൻ. തൻെറ കൂടെ ആരെങ്കിലും നടക്കുന്നതുകണ്ടാൽ അദ്ദേഹം തിരിഞ്ഞുനിന്ന് ചോദിക്കും: *'താങ്കൾക്ക് വല്ല ആവശ്യവുമുണ്ടോ?.'* അയാൾക്ക് വല്ല ആവശ്യവുമുണ്ടെങ്കിൽ അദ്ദേഹം അത് നിർവ്വഹിച്ചുകൊടുക്കും. പിന്നെയും അ

യാൾ തന്നെ പിന്തുടരുന്നത് കണ്ടാൽ വീണ്ടും അദ്ദേഹം ചോദിക്കും: *'താങ്കൾക്ക് വല്ല ആവശ്യവുമുണ്ടോ' എന്ന്....* *(Ibid : 3/243)*

* * *

താബിഉകളിൽ നിന്ന് ഇൽമുപഠിച്ച ഇമാം അബ്ദില്ലാഹിബ്നു മുബാറകി(റ)നെക്കുറിച്ച് ശിഷ്യന്മാരിലൊരാൾ പറയുന്നു:

*“ശിഷ്യന്മാരിലാരെങ്കിലും വല്ല മസ്അലയും അദ്ദേഹത്തിലേക്ക് ചേർത്തെഴുതിയതായി അദ്ദേഹം അറിഞ്ഞാൽ അദ്ദേഹം അത് വാങ്ങി കത്തികൊണ്ട് ചുരണ്ടിക്കളയുമായിരുന്നു. എന്നിട്ട് ഇങ്ങനെ ചോദിക്കും:' ആരാണിതെഴുതിയത്?. എന്റെ വാക്കുകൾ രേഖപ്പെടുത്തിവെക്കാൻ മാത്രം ഞാൻ ആരാണ്?.”* *(Ibid : 4/135)*

**☐ നോക്കൂ.... *'സലഫു'*കളും *'ഖലഫു'*കളും തമ്മിലുള്ള വ്യത്യാസം!. തന്റെ വാക്കുകൾ രേഖപ്പെടുത്തിവെക്കാൻ മാത്രം താൻ വളർന്നിട്ടില്ലെന്ന് പറഞ്ഞു അതു മായ്ച്ചുകളയാൻ താൽപര്യം കാണിച്ചവരാണ് സലഫുകൾ. ഖലഫുകളോ? തന്റെ വാക്കുകൾ രേഖപ്പെടുത്താതിരുന്നാൽ, അത് അച്ചടിച്ചുവരാതിരുന്നാൽ കോപിക്കുന്നവരും!.**

അബ്ദുല്ലാഹിബ്ൻ മുബാറകിനെത്തന്നെ ഉദ്ധരിച്ചോട്ടെ. അദ്ദേഹം പറയുന്നു:

((كن محبا للخمول كراهية للشهرة ولا تظهر من نفسك أنك تحب الخمول فترفع نفسك فان دعواك الزهد من نفسك هو خروجك من الزهد لأنك تجر الى نفسك الثناء والمدحة)) صفة الصفوة ٤/١٣٧

*(നീ പ്രശസ്തിയെ വെറുക്കുന്നവനും അപ്രശസ്തിയെ സ്നേഹിക്കുന്നവനുമായിത്തീരുക. എന്നാൽ, താൻ അപ്രശസ്തിയെ സ്നേഹിക്കുന്നവനാണെന്ന് നീ ആരുടെയും മുമ്പിൽ പ്രകടിപ്പിക്കരുത്. കാരണം, അത് നിന്നെ ഉയർത്തും. താൻ ജീവിതവിരക്തനാണെന്ന നിന്റെ വാദം കൊണ്ടു തന്നെ നീ ജീവിതവിരക്തിയിൽ നിന്ന് ബഹിഷ്കൃതനാവും. കാരണം, നീ നിന്റെ സ്വത്വത്തിലേക്ക് സ്തുതിയും അനുമോദനവും വലിച്ചുകൊണ്ടുവരികയാണ് അതുവഴി ചെയ്യുന്നത്.)* *(സ്വിഫതുസ്സ്വഫ്വ : 4/137)*

* * *

ഫുളാലതുബ്നു ഉബൈദ് ബൈഅതുർരിള്വാനിൽ പങ്കുകൊണ്ട സ്വഹാബിമാരിലൊരാളാണ്. റസൂൽ(സ്വ)യോടൊപ്പം വിവിധ യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

പിൽക്കാലത്ത് അദ്ദേഹം ശാമിലേക്ക് പുറപ്പെടുകയും അവിടെ താ

മസമാക്കുകയും ചെയ്തു. ഫഖീഹും ഖാളിയുമായിരുന്ന അദ്ദേഹം ഹി. 53 ലാണ് മരണപ്പെട്ടത്. തന്നോട് ഉപദേശം ആവശ്യപ്പെട്ട ഒരാളോട് അദ്ദേഹം പറഞ്ഞു:

*"അല്ലാഹു നിനക്ക് ഉപകാരം ചെയ്തുതരുന്ന ചില കാര്യങ്ങൾ ഞാൻ പറഞ്ഞുതരാം. നീ (കാര്യങ്ങളെല്ലാം) അറിയുക. നിന്നെ ആർക്കും അറിയാൻ കഴിയരുത്. അങ്ങനെ ചെയ്യാൻ കഴിഞ്ഞാൽ നീ അത് ചെയ്യുക. നീ (പണ്ഡിതന്മാരിൽ നിന്ന്) കേൾക്കുക. നീ സംസാരിക്കരുത്. അങ്ങനെ സാധിച്ചാൽ നീ അത് ചെയ്യുക. നീ (ഇൽമ് പഠിക്കാനായി) പണ്ഡിതന്മാർക്ക് മുന്നിൽ ഇരിക്കുക. നിന്റെ അടുത്തേക്ക് ആരും ഇരിക്കരുത്. അങ്ങനെ സാധിച്ചാൽ നീ അത് ചെയ്യുക."* *(സിയറു അഅ്ലാമിന്നുബലാ 3/116)*

പ്രസിദ്ധിയുടെ പാതകളും പ്രശംസയുടെ കവാടങ്ങളും കൊട്ടിയടക്കുകയെന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. തന്റെ വിജ്ഞാനവും സൽകർമ്മങ്ങളും അല്ലാഹുവിന്നുവേണ്ടി നിഷ്കളങ്കമാക്കുകയെന്ന ലക്ഷ്യമായിരുന്നു സലഫുകളെ ഇത്തരത്തിൽ ചിന്തിപ്പിച്ചത്.

* * *

ഇമാം അഹ്മദ്(റ)നെ ഒരാൾ പ്രശംസിച്ചപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ദുഃഖം തളംകെട്ടുകയായിരുന്നു. അദ്ദേഹത്തെകൊണ്ട് ഇസ്‌ലാമിന് വലിയ നേട്ടങ്ങളുണ്ടായ മട്ടിൽ ഒരാൾ പറഞ്ഞു:

(جزاك الله عن الإسلام خيرا)

അതിന്നുള്ള അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു:

(بل جزى الله الإسلام عني خيرا) سير اعلام النبلاء ١١/٢٢٥

*(എനിക്ക് ലഭിച്ച നന്മയുടെ പേരിൽ അല്ലാഹു ഇസ്‌ലാമിന് നന്മ നൽകട്ടെ.)*
*"എന്നെ പുകഴ്ത്തിപ്പറയാൻ മാത്രം ഞാൻ ആരാണ്?. ഞാൻ എന്താണ്?!"*
*(സിയർ 11/225)*

* * *

ശൈഖ് അബുൽവഖ്ത് ഈസാബ്നു ശുഐബ്ബ്നു ഇബ്റാഹീം; ഹി. 458ൽ ജനിച്ച പ്രമുഖ ഹദീസ് പണ്ഡിതൻ. അല്ലാമാ സംആനി, ഇബ്നുൽ അസാകിർ, ഇബ്നുജൗസി മുതലായവർ അദ്ദേഹത്തിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

*'വിനയാന്വിതനും സ്നേഹനിർഭരനും സൽസ്വഭാവിയും ഭക്തനുമായിരുന്നു അദ്ദേഹമെന്ന്'* അല്ലാമാ സംആനി പറയുന്നു.

ശൈഖ് അബുൽവഖ്ത്, ധാരാളമായി ദിക്റും തഹജ്ജുദും നിർവ്വഹിക്കുന്ന, സലഫുകളുടെ ശൈലിയിൽ ദൈവഭയത്താൽ കരയാറുണ്ടായിരുന്ന സജ്ജനങ്ങളിലൊരാളായിരുന്നുവെന്ന് ഇബ്നുജൗസി പറയുന്നു.

ശൈഖ് യൂസുഫ്ബ്ൻ അഹ്മദ് അശ്ശീറാസി, ശൈഖ് അബുൽ വഖ്തിന്റെ അടുത്തേക്ക് വിജ്ഞാനം തേടിപ്പുറപ്പെട്ട കഥ വിവരിക്കുന്നുണ്ട് തന്റെ *അർബഈൻ അൽബുൽദാനിൽ.* അദ്ദേഹം കുറെ നാടുകൾ താണ്ടി അവസാനം അബ്ദുൽ വഖ്തിനെ കണ്ടെത്തി. ശൈഖ് അബുൽ വഖ്തിനെ കണ്ടുമുട്ടിയ ശീറാസി അദ്ദേഹത്തിന് സലാം പറഞ്ഞ് ആലിംഗനം ചെയ്തു. അവർ തമ്മിൽ കുശലാന്വേഷണം നടത്തി.

*'താങ്കളെ ഇങ്ങോട്ട് നയിച്ചതെന്താണ്?.'* -അബുൽ വഖ്ത് ചോദിച്ചു.

*അങ്ങയുടെ അടുത്തുനിന്ന് നേരിട്ട് ഹദീസ് പഠിക്കാൻ...... അതിന്റെ സനദ് ഉറപ്പുവരുത്താൻ.... ഈ ഒരു ലക്ഷ്യത്തിനുവേണ്ടി മാത്രമാണ് ഞാൻ വന്നിട്ടുള്ളത്?* -ശീറാസി പറഞ്ഞു.

ഇത് കേൾക്കേണ്ട താമസം അബുൽ വഖ്തിന്റെ പ്രതികരണമുണ്ടായി;

*"അല്ലാഹു എന്നേയും താങ്കളേയും അവന്റെ പ്രീതികൊണ്ടനുഗ്രഹിക്കട്ടെ. നമ്മുടെ ശ്രമങ്ങൾ അവന്നുവേണ്ടി മാത്രമാക്കിത്തീർക്കട്ടെ. നമ്മുടെ ലക്ഷ്യം അവനിലേക്ക് മാത്രമാക്കിത്തരട്ടെ.... താങ്കളെങ്ങാനും എന്നെക്കുറിച്ചു ശരിയായ നിലക്ക് അറിഞ്ഞിരുന്നുവെങ്കിൽ താങ്കളെനിക്ക് സലാം ചൊല്ലുകയോ എന്റെ മുന്നിൽ ഇരിക്കുകയോ ചെയ്യുമായിരുന്നില്ല...."*

ഇത് പറഞ്ഞുകൊണ്ട് ശൈഖ് അബുൽ വഖ്ത് കരയാൻ തുടങ്ങി. ദീർഘമായ കരച്ചിൽ. കൂടെയുള്ളവരെ കൂടി അത് കരയിപ്പിച്ചു. ശേഷം അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു:

(اللّهم استرنا بسترك الجميل، واجعل تحت السّتر ما ترضى به عنا)

سير اعلام النبلاء ٢٠/٣٠٧، ٣٠٨

*(അല്ലാഹുവേ, നിന്റെ ഭംഗിയുള്ള വിരികൊണ്ട് നീ ഞങ്ങളെ മറക്കേണമേ. ഞങ്ങളെപ്പറ്റിയുള്ള നിന്റെ തൃപ്തിയെ നീ ആ വിരിക്കുതാഴെ ആക്കിത്തീർക്കേണമേ....)* *(സിയർ 20/307, 308)*

* * *

പ്രമുഖ സ്വഹാബിവര്യനായ അബൂമൂസൽ അശ്അരി(റ)യെ അനുഗമിച്ച് ഇസ്‌ലാമിക വിജ്ഞാനം കരസ്ഥമാക്കിയ താബിഉകളിലൊരാളാണ് ആമിറുബ്നു അബ്ദില്ലാഹിത്തമീമി. പഠനം കഴിഞ്ഞു ജീവിതത്തെ മൂന്നായി ഭാഗിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങൾക്ക് ഖുർആൻ പഠിപ്പിക്കാൻ ഒരു ഭാഗം, ഏകാന്തമായ ഇബാദത്തിന് ഒരു ഭാഗം, അടർക്കളത്തിലിറങ്ങി പോരാടാൻ ഒരുഭാഗം. ജനങ്ങൾക്ക് ഖുർആൻ പഠിപ്പിച്ചുകൊടുക്കുന്നതിന് ബസ്വറ പള്ളിയിൽ പ്രത്യേക ഹൽഖകളുണ്ടായിരുന്നു അദ്ദേഹത്തിന്. രാത്രികാലമായാൽ ഏകാന്തമായി ഏറെനേരം നിന്നുനമസ്കരിക്കുമായിരു

ന്നു അദ്ദേഹം. നേരംപുലർന്നാലോ? അടർക്കളത്തിലെ ധീരസേനാനിയും!.

*സഅ്ദുബ്നു അബീവഖ്ഖാസ്*(റ)വിൻെറ നേതൃത്വത്തിൽ പേർഷ്യക്കെതിരെ നടന്ന ഖാദിസിയ്യാ യുദ്ധത്തിൽ അദ്ദേഹം പങ്കുകൊണ്ടിരുന്നു. ഈ യുദ്ധത്തിൽ മുസ്ലിംകൾക്ക് ഒരുപാട് നേട്ടങ്ങളുണ്ടായിരുന്നു. പേർഷ്യൻ രാജാക്കന്മാർ തലമുറകളായി ഉപയോഗിച്ചുവന്ന വിലപിടിപ്പുള്ള വാളുകൾ, രത്നങ്ങൾ, സ്വർണ്ണപ്പാത്രങ്ങൾ സുഗന്ധദ്രവ്യങ്ങൾ തുടങ്ങി മുസ്ലിംകൾക്ക് ഈ യുദ്ധത്തിൽ ഗണ്യമായ *ഗനീമത്തുസ്വത്ത്* ലഭിക്കുകയുണ്ടായി.

അഞ്ചിലൊന്നു മുസ്ലിംകളുടെ പൊതുഖജനാവിലേക്കും ബാക്കി ധർമ്മസമരപോരാളികൾക്കുമായി വിഭജിക്കുന്നതിനുവേണ്ടി ഗനീമത്തു സ്വത്ത് ഒരുമിച്ചുകൂട്ടാൻ അംറുബ്നു മുഖർരിൻ ആജ്ഞ നൽകിയിരിക്കുകയാണ്. ജനങ്ങളോരോരുത്തരും അവനവന്ന് കിട്ടിയ ഭീമമായ സ്വത്തുകൾ ഉദ്യോഗസ്ഥരെ ഏൽപിച്ചുകൊണ്ടിരിക്കുകയാണ്. അതിനിടെയതാ അമൂല്യമായ സുഗന്ധദ്രവ്യങ്ങളും മറ്റും സൂക്ഷിക്കുന്ന ഭാരമുള്ളൊരു പെട്ടിയുമായി ഒരാൾ കടന്നുവരുന്നു. മുടി ജഢകുത്തി, പൊടിപുരണ്ട വേഷം. അയാളുടെ കൈകൾക്ക് താങ്ങാൻ പറ്റാത്ത ഭാരമുണ്ട് പെട്ടിക്ക്. അതിനകത്തോ? അന്നോളം അവരാരും കണ്ടിട്ടില്ലാത്ത അമൂല്യ രത്നങ്ങൾ, മുത്തുകൾ, പവിഴങ്ങൾ.....

*'എവിടന്ന് കിട്ടി ഈ അനർഘനിധി?.'* -അവർ ചോദിച്ചു.

*'എനിക്ക് ഇന്നാലിന്ന സ്ഥലത്തെ പോരാട്ടത്തിൽ കിട്ടിയതാണ്.'* -അദ്ദേഹം അത് പറഞ്ഞുകൊടുത്തു.

*താങ്കൾ അതിൽനിന്ന് വല്ലതും എടുത്തിട്ടുണ്ടോ?*-ഉദ്യോഗസ്ഥരുടെ ചോദ്യം.

*"അല്ലാഹു തന്നെ സത്യം!! ഈ മഹാപെട്ടിയും പേർഷ്യൻ രാജാക്കന്മാർ കൈവശം വെച്ചിരുന്ന സ്വത്തുകളും ഒന്നടങ്കം കൂടിചേർന്നാലും അതിന് ഒരു നഖത്തുണ്ടിനോളം എൻെറയടുത്ത് വിലമതിക്കില്ല!. മുസ്ലിംകളുടെ ബൈതുൽ മാലിൻെറ അംശം ഇതിൽ ഇല്ലായിരുന്നുവെങ്കിൽ ഞാൻ ഈ പെട്ടി നിലത്തുനിന്നു പൊക്കിയെടുക്കുകയോ നിങ്ങളുടെ അടുത്തേക്ക് കൊണ്ടുവരികയോ ഇല്ലായിരുന്നു."* -അദ്ദേഹം പറഞ്ഞു.

ഇതുകേട്ടു അവർ ചോദിച്ചു: *'അങ്ങ് ആരാണ്?.'*

*'ഇല്ല. ഞാൻ പറയില്ല. നിങ്ങളെന്നെ പുകഴ്ത്താൻ വേണ്ടി ഞാനെൻെറ പേരു പറയില്ല... ഞാൻ അല്ലാഹുവിൻെറ പ്രതിഫലമാണ് ആഗ്രഹിക്കുന്നത്. അവനെ ഞാൻ സ്തുതിക്കുകയാണ്...'* -ഇത് പറഞ്ഞുകൊണ്ട് ആ മനുഷ്യൻ കടന്നുപോയി.

അതുകഴിഞ്ഞു അദ്ദേഹത്തിനു പിന്നാലെ അവർ ഒരാളെ പറഞ്ഞയച്ചു. അദ്ദേഹമറിയാതെ വിവരമറിഞ്ഞുവരാൻ. അയാൾ അദ്ദേഹത്തെ പിന്തുടർന്നുകൊണ്ടിരുന്നു. അവസാനം അദ്ദേഹം തന്റെ കൂട്ടുകാരുടെ അടുത്തെത്തി അവരിൽ ഒരാളായി മാറി. ശേഷം അവരിലൊരാളോടന്വേഷിച്ചപ്പോഴാണറിയുന്നത് അത് *സാഹിദുൽബസ്വറ-ആമിറുബ്നു അബ്ദില്ലാഹിത്തമീമി*യാണെന്ന്.

*(സ്വുവറുൻ മിൻ ഹയാതിത്താബിഈൻ : പേ. 30, 31)*

പരമവീരചക്രങ്ങളില്ലാത്ത, പൊന്നാടകളും പുരസ്കാരങ്ങളും പ്രതീക്ഷിക്കാത്ത ധീരോദാത്ത സേവനം. പ്രസിദ്ധിയുടെ പത്രത്താളുകളറിയാത്ത, പ്രഘോഷങ്ങളുടെ ഉച്ചഭാഷിണികളറിയാത്ത, പടച്ചവന്റെ പ്രീതിക്കപ്പുറം മറ്റൊരാളുടെ പ്രീതിയും പ്രശംസയും കൊതിക്കാത്ത നിഷ്കാമ കർമ്മം. അതെ, സലഫുകളുടെ ജീവിതം നമുക്ക് നൽകുന്ന മാതൃകയതാണ്.

* * *

ആബിദുൽ ബസ്വറ ഇമാം മുഹമ്മദുബ്ൻ വാസിഅ്, റസൂൽ(സ്വ)യുടെ സേവകനായിരുന്ന അനസുബ്നുമാലിക്(റ)വിന്റെ ശിഷ്യൻ. സുലൈമാനുബ്നു അബ്ദിൽമലികിന്റെ ഭരണകാലം. പേർഷ്യൻ രാജ്യങ്ങളായ ജൂർജാനും ത്വബ്രിസ്ഥാനും ജയിച്ചടക്കാൻ ഖുറാസാനിലെ ഗവർണ്ണറായ യസീദുബ്നു മുഹല്ലബിന്റെ നേതൃത്വത്തിൽ ഒരു ലക്ഷത്തോളം വരുന്ന മുസ്ലിം പട്ടാളക്കാർ ഇറങ്ങിത്തിരിച്ചിരിക്കയാണ്. ആ കൂട്ടത്തിൽ ഒരു സന്നദ്ധഭടനായി ഇമാം മുഹമ്മദുബ്നു വാസിഅ്(റ)യുമുണ്ടായിരുന്നു.

യസീദിബ്നുമുഹല്ലബിന്റെ പട്ടാളം ദഹിസ്ഥാനിലാണ് തമ്പടിച്ചത്. വീരശൂരപരാക്രമികളായ ഒരു വിഭാഗം തുർക്കികളാണ് അവിടെ താമസിച്ചിരുന്നത്. അവരുമായുള്ള കടുത്ത പോരാട്ടത്തിൽ മുസ്ലിം സേനക്ക് കരുത്തുപകരുന്നതിൽ ഇമാം മുഹമ്മദുബ്നു വാസിഇന്റെ പങ്ക് നിസ്സീമമായിരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യം മുസ്ലിം സേനക്ക് ആവേശം പകർന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ അവർക്ക് ദൈവസഹായം നേടിക്കൊടുക്കുന്നതായിരുന്നു.

കടുത്ത പോരാട്ടത്തിനുശേഷം ശത്രുസേനക്ക് മുസ്ലിം ഭടന്മാരുടെ മുമ്പിൽ അടിയറവു പറയേണ്ടിവന്നു. ഏഴുലക്ഷം ദിർഹം ഫ്വിദ്ധുക്കളായും നാലുലക്ഷം ദിർഹം റൊക്കമായും നൽകാനുള്ള കരാറിൽ അവർക്കിടയിൽ സന്ധിയായി. വിലപിടിപ്പുള്ള പാത്രങ്ങൾ, പട്ടുവസ്ത്രങ്ങൾ, തുടങ്ങിയ ഒട്ടേറെ വസ്തുക്കൾ വേറെയും. കൂട്ടത്തിൽ ശുദ്ധ സ്വർണ്ണത്തിൽ വാർത്ത, കൊത്തുപണികളാൽ അലങ്കരിച്ച, അമൂല്യമായൊരു കിരീടമായിരുന്നു അത്. ആരേയും ആകർഷിക്കുന്ന ഒന്നായിരുന്നു അത്. സേനാനായ

കൻ യസീദുബ്ൻ മുഹല്ലബ് അത് കൈയിലേന്തി എല്ലാ പട്ടാളക്കാർക്കും കാണിച്ചുകൊടുത്തു. എന്നിട്ട് മുഹമ്മദ്ബ്ൻ വാസിഇനെ അന്വേഷിച്ചു. ഉടനെ പാറാവുകാർ അദ്ദേഹത്തെ അന്വേഷിച്ച് പുറപ്പെട്ടു. ജനങ്ങളിൽനിന്ന് അകന്ന ഒരിടത്ത് പ്രാർത്ഥനാ നിമഗ്നനായി കഴിയുന്ന മുഹമ്മദു ബ്ൻ വാസിഇന്റെ മുമ്പിൽ വന്ന് പാറാവുകാരിലൊരാൾ പറഞ്ഞു:

*'അമീർ താങ്കളെ അന്വേഷിക്കുന്നുണ്ട്. ഇപ്പോൾ തന്നെ അങ്ങോട്ട് പുറപ്പെടണം.'*

പാറാവുകാരനോടൊത്ത് അദ്ദേഹം യസീദുബ്നു മുഹല്ലബിൻെറ മുമ്പിലെത്തി. ഉടനെ അമീർ അദ്ദേഹത്തെ സ്വീകരിച്ചിരുത്തി. ശേഷം ആ പൊൻകിരീടമെടുത്ത് അദ്ദേഹത്തിൻെറ കൈയിൽ കൊടുത്തു ഇങ്ങനെ പറഞ്ഞു:

*"ഓ..! അബൂഅബ്ദുല്ലാ.... മുസ്ലിം സേനക്ക് കിട്ടിയതാണ് ഈ അമൂല്യ സ്വർണ്ണക്കിരീടം. ഞാനിതുകൊണ്ട് താങ്കളെ ആദരിക്കാൻ തീർച്ചപ്പെടുത്തിയിരിക്കുകയാണ്. സേനാംഗങ്ങൾക്കെല്ലാം അതിഷ്ടമാണ്."*

*"ഇല്ല, എനിക്കതുവേണ്ട, എനിക്കതിഷ്ടമല്ല........"* അദ്ദേഹം പറഞ്ഞു.

*"ഇല്ല, ഞാനിത് താങ്കൾക്കു നൽകാൻ സത്യം ചെയ്തുകഴിഞ്ഞിരിക്കുന്നു."* -യസീദ് തറപ്പിച്ചു പറഞ്ഞു. യസീദിൻെറ ഒഴിയാത്ത നിർബന്ധം കൊണ്ട് അദ്ദേഹം അതു വാങ്ങി എന്നിട്ട് അദ്ദേഹം സ്ഥലം വിട്ടു.

പക്ഷേ, ഭക്തനും ഐഹിക വിരക്തനുമായ മുഹമ്മദുബ്നുവാസിഇന്ന് അതിലൊട്ടും താൽപര്യമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അദ്ദേഹം അതെന്ത് ചെയ്യുന്നുവെന്ന് നിരീക്ഷിക്കാൻ പിന്നാലെ അദ്ദേഹമറിയാതെ ഒരടിമയെ പറഞ്ഞുവിട്ടു. അപ്പോഴാണ് മുടി ജഢകുത്തി, പൊടിപുരണ്ട വസ്ത്രമണിഞ്ഞ ഒരു മനുഷ്യൻ അദ്ദേഹത്തെ പിന്തുടരുന്നത് ആ അടിമയുടെ ശ്രദ്ധയിൽ പെട്ടത്. അല്ലാഹുവിൻെറ ധനത്തിൽ നിന്ന് എനിക്കു വല്ലതും തരൂ. അയാൾ അദ്ദേഹത്തോട് യാചിച്ചു. ഉടനെ നാലുപാടും നിരീക്ഷിച്ച ശേഷം ആരും കാണാതെ അദ്ദേഹം ആ കിരീടമെടുത്ത് യാചകനെയേൽപ്പിച്ചു. എന്നിട്ട് തൻെറ മുതുകിൽ നിന്നൊരു കനത്തഭാരം നിങ്ങിക്കിട്ടിയതുപോലെ സന്തോഷപൂർവ്വം അദ്ദേഹം നടന്നുനീങ്ങി.......

*(സ്വുവറുൻ മിൻ ഹയാതിത്താബിഇൗൻ)*

**ഇതാണ് മുഹമ്മദ് ബ്ൻ വാസിഅ്. അദ്ദേഹത്തിന്റെ ഐഹികവിരക്തിയാണിത് കാണിക്കുന്നത്. ഐഹികമായ അംഗീകാരത്തിന്റെ കാഞ്ചന രൂപങ്ങളെ തൃണവൽക്കരിക്കാനുള്ള ഈ ആർജ്ജവമാണ് അദ്ദേഹത്തെ ഉന്നതനാക്കിയത്.**

ജഡ്ജിസ്ഥാനമേറ്റെടുക്കണമെന്ന ഇറാഖിലെ അമീറിൻെറ ആവർത്തിച്ചുള്ള അഭ്യർത്ഥന മുഹമ്മദുബ്ന് വാസിഅ് തള്ളിക്കളയുകയായിരു

ന്നു.

പ്രസിദ്ധിയുടെ പ്രശോഭ്യമായ പരവതാനിയിലേക്കുള്ള അമീറിന്റെ ക്ഷണം ഇമാം അവർകൾ തള്ളിക്കളഞ്ഞപ്പോൾ ബസ്വറയിലെ പോലീസുദ്യോഗസ്ഥൻ അദ്ദേഹത്തെ നോക്കി ഇങ്ങനെ പറഞ്ഞു:

((والله لتتولين القضاء أو لأجلدنّك ثلاثمائة جلدة ولأعذّرنّك))

*(അല്ലാഹു സത്യം. താങ്കൾ ജഡ്ജിസ്ഥാനമേറ്റെടുക്കുകതന്നെ ചെയ്യും അല്ലെങ്കിൽ ഞാൻ മുന്നൂറ് ചാട്ടവാറടിയടിക്കുകയും താങ്കളെ അപമാനിക്കുകയും ചെയ്യും.)*

ഇത് കേൾക്കേണ്ട താമസം ഇമാം അവർകൾ പറഞ്ഞു:

*"അങ്ങനെ ചെയ്യുകയാണെങ്കിൽ താങ്കൾക്കതിന്ന് സാധിക്കും. എന്നാൽ പരലോകത്ത് ശിക്ഷ കിട്ടുന്നവനേക്കാൾ ദുൻയാവിൽ ശിക്ഷ കിട്ടുന്നവനാണ് നല്ലത്...."*

ഇതുകേട്ട് പോലീസുദ്യോഗസ്ഥൻ ലജ്ജിതനായി.

ആഢംബരങ്ങളും ഐഹിക മോഹങ്ങളുമില്ലാതെ അല്ലാഹുവിന്റെ പ്രീതിമാർഗ്ഗത്തിൽ ജീവിതം തെരഞ്ഞെടുത്ത സാധകൻ. ആ സാധകന്റെ മുമ്പിൽ പ്രശംസകൾക്കോ പ്രസിദ്ധിവചനങ്ങൾക്കോ പ്രസക്തിയുണ്ടായിരുന്നില്ല. ആരെങ്കിലും തന്നെ പുകഴ്ത്തിപ്പറയുന്നത് കേട്ടാൽ അദ്ദേഹത്തിനു പറയാനുണ്ടാവുക ഇപ്രകാരമായിരുന്നു:

((لو كانت للذنوب رائحة تفوح مااستطاع أحد منكم أن يدنوا مني

لما يصيبه من أذى رائحتي)) (صور من حياة التابعين)

*(പാപങ്ങൾക്ക് വാസനയുണ്ടായിരുന്നെങ്കിൽ നിങ്ങളിലൊരാൾക്കും എന്നോടടുക്കാൻ കഴിയുമായിരുന്നില്ല!.)* (Ibid)

രോഗശയ്യയിൽ കിടക്കുന്ന മുഹമ്മദുബ്നുവാസിഅ്(റ)യുടെ അടുത്ത് സ്നേഹിതന്മാർ ഒത്തുകൂടിയിരിക്കുന്നു. അദ്ദേഹം അബോധാവസ്ഥയിലായിരിക്കെ സ്നേഹിതന്മാർ അദ്ദേഹത്തിന്റെ ഗുണഗണങ്ങളെണ്ണിപ്പറയാൻ തുടങ്ങി. അതിനിടയിലാണദ്ദേഹത്തിന് ബോധം തെളിഞ്ഞത്. അപ്പോൾ അവരുടെ സംസാരങ്ങളുടെ ചിലഭാഗങ്ങൾ അദ്ദേഹം കേൾക്കാനിടയായി. ഉടനെ അദ്ദേഹം ഇപ്രകാരം പാരായണം ചെയ്തു:

﴿ يُعرف المجرمون بسيماهم فيؤخذ بالنواصي والاقدام ﴾

*(കുറ്റവാളികൾ അവരുടെ അടയാളം കൊണ്ട് തിരിച്ചറിയപ്പെടും എന്നിട്ട് അവരുടെ കുടുമകളിലും പാദങ്ങളിലും പിടിക്കപ്പെടും.....)*

*"എന്റെ പാദവും കുടുമയും കൂട്ടിപ്പിടിച്ചു നരകത്തിലേക്കെടു*

*ത്തെറിയുമ്പോൾ സഹോദരന്മാരെ, നിങ്ങളുടെ ഈ സംസാരം എനിയ്ക്ക് യാതൊരുപകാരവും ചെയ്യുകയില്ല!...." (ത്വബഖാതുബ്നു സഅ്ദ് 7/242)*

ഇതാണ് സലഫുകളുടെ മാതൃക. സ്വയം പൊക്കിപ്പറയാത്ത, മറ്റുള്ളവരുടെ പ്രശംസകൾക്ക് പച്ചപ്പരവതാനി വിരിച്ചുകൊടുക്കാത്ത, പ്രസിദ്ധിവചനങ്ങളെ പുച്ഛത്തോടെ തള്ളിക്കളയുന്ന ഈ മാതൃകയാണ് *ഖലഫുകൾ*ക്ക് നഷ്ടപ്പെട്ടിരിക്കുന്നത്.

* * *

അത്വാഉബ്നു അബീറബാഹ്. പ്രമുഖ താബിഉകളിലൊരാൾ. മക്കക്കാരിയായ ഒരു സ്ത്രീയുടെ അടിമയായി ചെറുപ്പകാലം കഴിച്ചുകൂട്ടിയ കറുത്ത എത്യോപ്യൻ വംശജൻ. ജീവിതത്തെ മൂന്നായി പകുത്ത് ഒരുഭാഗം തന്റെ യജമാനസ്ത്രീക്ക് സേവനം ചെയ്യാനും ഒരു ഭാഗം തന്റെ രക്ഷിതാവിന് ഇബാദത്ത് ചെയ്യാനും മറ്റൊരുഭാഗം വിജ്ഞാന സമ്പാദനത്തിനുമായി ഉഴിഞ്ഞുവെച്ച ത്യാഗിവര്യൻ. ഇരുന്നൂറോളം സ്വഹാബിമാരെ നേരിൽ കാണുകയും അബൂഹുറയ്റ(റ), അബ്ദുല്ലാഹിബ്നു ഉമർ(റ), അബ്ദുല്ലാഹിബ്നു അബ്ബാസ്(റ), അബ്ദുല്ലാഹിബ്നു സുബൈർ(റ) തുടങ്ങിയ പ്രമുഖ സ്വഹാബിമാരിൽ നിന്ന് നേരിട്ട് റസൂൽ(സ്വ)യുടെ ഹദീസ് പഠിക്കുകയും ചെയ്ത പണ്ഡിത പ്രമുഖൻ. വർഗ്ഗ-വർണ്ണ ഭാഷാതിർത്തികൾ ലംഘിച്ചുകൊണ്ട് ലക്ഷങ്ങൾ ഒത്തുചേരുന്ന മഹത്തായ ഹജ്ജുവേളയിൽ മതകാര്യങ്ങളിൽ ഫത്വ നൽകാൻ അക്കാലത്ത് അനുമതി നൽകപ്പെട്ടിരുന്നത് തൊലി കറുത്ത്, മുടിചുരുണ്ട്,. മൂക്കുപരന്ന ഈ ഹബ്സീനിക്കാരന്നായിരുന്നു. മഹാസാമ്രാജ്യത്തിന്റെ ഉടമയും അമവീ ഖലീഫയുമായ *സുലൈമാനുബ്നു അബ്ദുൽ മലിക്*, തന്റെ രണ്ട് മക്കളെകൂട്ടി സാധാരണക്കാരെപ്പോലെ അദ്ദേഹത്തിന്റെ മുമ്പിൽ വന്നിരുന്ന് ദീനീ മസ്അലകൾ പഠിച്ചിരുന്നു. ഇമാം ശാഫിഈ(റ)യുടെ ഒരു കാവ്യശകലം ഓർമ്മവരികയാണിവിടെ.

(( العلم من فضله لمن خدمه    أن يجعل الناس كلهم خدم ))

*(വിജ്ഞാനത്തെ സേവിച്ചവന്ന്, ജനങ്ങളെ മുഴുവൻ സേവകരാക്കിക്കൊടുക്കുക എന്നത് അതിന്റെ ശ്രേഷ്ടതയാണ്.)*

ഇതാണ് അത്വാഉബ്നു അബീറബാഹ്. അല്ലാഹുവിന്റെ പ്രീതിമാർഗ്ഗത്തിൽ ജീവിച്ച് അവന്റെ ദീനിന്റെ വിജ്ഞാനങ്ങൾ തലമുറകളിലേക്ക് പകർത്തിയ നിഷ്കാമ കർമ്മിയായ പണ്ഡിതൻ. പുഞ്ചിരിയോടെ തനിക്കുനേരെവന്ന ദുൻയാവിനെ പുറംകാലുകൊണ്ട് തട്ടിമാറ്റാൻ അദ്ദേഹത്തിന് ഒട്ടും ആലോചിക്കേണ്ടി വന്നില്ല. കൊട്ടാരത്തിലെ സഹചാരിയാകാനുള്ള '*അമവ്വിയ്യാ ഖലീഫ്*'മാരുടെ ക്ഷണം അദ്ദേഹം നിരസിക്കുകയായിരുന്നു. അവരുടെ ദുൻയാവിനുവേണ്ടി തന്റെ ദീൻ വിൽക്കേണ്ടിവരുമോ എ

ന്ന ഭയമായിരുന്നു അദ്ദേഹത്തിന്ന്. എന്നാൽ, ഇസ്‌ലാമിന്നോ മുസ്‌ലിംകൾക്കോ വല്ല ഗുണവുമുള്ളതായി താൻ കാണുന്ന ഒരു കാര്യവും അവർക്കു മുമ്പിൽ തുറന്നുപറയാൻ അദ്ദേഹത്തിന് അശേഷം ഭയമുണ്ടായിരുന്നില്ല.

ഉഥ്മാനുബ്നു അതാഉൽ ഖുറാസാനി വിവരിക്കുന്ന ഒരു സംഭവം കാണുക:

*'ഞാനും എന്റെ പിതാവും ഹിശാമുബ്നു അബ്ദുൽ മലികിനെ കാണാൻ അദ്ദേഹത്തിന്റെ കൊട്ടാരം ലക്ഷ്യമാക്കി പുറപ്പെട്ടിരിക്കുകയാണ്. അങ്ങനെ ഞങ്ങൾ ഡമസ്കസിനടുത്തെത്തിയപ്പോൾ ഒരു കറുത്ത കഴുതപ്പുറത്ത് ഒരു വൃദ്ധനെ കണ്ടു. പരുപരുത്ത കുപ്പായം, ദ്രവിച്ച ജുബ്ബ, തലയോടൊട്ടിച്ചേർന്ന തൊപ്പി.... ഇത് കണ്ടപ്പോൾ എനിക്കു ചിരിവന്നു. പിതാവിനോട് ഞാൻ ചോദിച്ചു. --'ആരാണത്?.'*

അപ്പോൾ പിതാവ് പറഞ്ഞു: *"മിണ്ടാതിരിക്കൂ. അതാണ് ഹിജാസിലെ ഫുഖഹാക്കളുടെ നേതാവ് അത്വാഉബ്നു അബീറബാഹ്."*

ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്തെത്തി. ഉടനെ പിതാവ് വാഹനപ്പുറത്തുനിന്നിറങ്ങി. ഉടനെ അദ്ദേഹവും താഴെയിറങ്ങി. അവർ പരസ്പരം ആലിംഗനം ചെയ്ത് കുശലാന്വേഷണം നടത്തി. പിന്നെ ഇരുവരും വാഹനപ്പുറത്തേറി യാത്ര തുടർന്നു. അങ്ങനെ ഞങ്ങൾ ഹിശാമുബ്നു അബ്ദിൽ മലിക്കിന്റെ കൊട്ടാരകവാടത്തിലെത്തിച്ചേർന്നു. അവരിരുവർക്കും അകത്തേക്ക് പ്രവേശനാനുമതി നൽകപ്പെട്ടു. ഖലീഫയുമായി കൂടിക്കാഴ്ച കഴിഞ്ഞുതിരിച്ചെത്തിയ പിതാവിനോട് ഞാൻ കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞുതുടങ്ങി:

*"അത്വാഉബ്നു അബീറബാഹ് കൊട്ടാരകവാടത്തിലെത്തിയ വിവരമറിഞ്ഞതോടെ ഹിശാം അദ്ദേഹത്തിന് പ്രവേശനാനുമതി നൽകി. അല്ലാഹുതന്നെ സത്യം അദ്ദേഹമില്ലായിരുന്നെങ്കിൽ എനിക്ക് അകത്തേക്ക് കടക്കാൻ കഴിയുമായിരുന്നില്ല. ഹിശാം അദ്ദേഹത്തെ സ്നേഹാദരപൂർവ്വം തന്റെ സ്വന്തം കട്ടിലിൽ സ്വീകരിച്ചിരുത്തി. അദ്ദേഹത്തിന്റെ കാൽമുട്ടിനോട് കാൽമുട്ട് ചേർത്തുവെച്ചു. സദസ്സിലുണ്ടായിരുന്ന മാന്യവ്യക്തികളെല്ലാം മൗനരായി. പിന്നെ അതാഉബ്നു അബീറബാഹിനോടായി ഹിശാമിന്റെ സംസാരം."*

*"അബൂമുഹമ്മദ്! താങ്കളുടെ ആവശ്യമെന്താണ്?."*

അത്വാഅ്: *"അമീറുൽ മുഅ്മിനീൻ. രണ്ട് ഹറമുകളുടെ ആൾക്കാർക്കുവേണ്ട ജീവിതവിഭവങ്ങൾ കൊടുക്കണം."*

ഹിശാം: *'ആവട്ടെ'*

അങ്ങനെ മക്കയിലേയും മദീനയിലേയും ആളുകൾക്ക് ഒരു വർഷത്തേക്കാവശ്യമായ ഭക്ഷ്യവസ്തുക്കളും മറ്റും നൽകാൻ ഹിശാം കൽപന നൽകി.

*"മറ്റെന്തെങ്കിലും വേണോ?."* - ഹിശാം ആരാഞ്ഞു

*അത്വാഅ്: "അതെ, ഹിജാസുകാർക്കും നജ്ദുകാർക്കും അവരുടെ സദഖയുടെ മിച്ചഭാഗം നൽകണം."*

ഹിശാം അതും അംഗീകരിച്ചു.

"*ഇനി വല്ലതുമുണ്ടോ?.*" -ഹിശാം ചോദിച്ചു.

*"അതെ, ശത്രുക്കളിൽ നിന്ന് നിങ്ങളുടെ അതിർത്തി കാക്കുന്ന കാവൽസേനക്ക് ആവശ്യമായ ആഹാരവസ്തുക്കളും മറ്റും നൽകണം. അവർക്ക് നാശം സംഭവിച്ചാൽ അതിർത്തി കാക്കാൻ ആളുണ്ടാവില്ല."*

*ഹിശാം* അതും അംഗീകരിച്ചു. അവർക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ അയച്ചുകൊടുക്കാൻ അദ്ദേഹം കൽപന നൽകി. ശേഷം അദ്ദേഹം ചോദിച്ചു: *"ഇനി വല്ല ആവശ്യമുണ്ടോ?."*

അത്വാഅ് : *"ഉണ്ട്. നിങ്ങളുടെ സംരക്ഷണത്തിൽ (സമാധാനസന്ധിയിൽ) കഴിയുന്ന അമുസ്ലിംകളോട് അവർക്ക് സാധിക്കാത്ത കാര്യങ്ങൾ കൽപ്പിക്കരുത്."*

സാമാധാനസന്ധിയിൽ കഴിയുന്ന-അഹ്ലുദ്ദിമ്മ-അമുസ്ലിംകളോട് അവരുടെ ശേഷിയിൽക്കവിഞ്ഞ കാര്യം കൽപ്പിക്കപ്പെടാതിരിക്കാൻ ഹിശാം ഉടനെ ഉത്തരവിട്ടു.

*"അബൂമുഹമ്മദ്.... ഇനി വല്ലതുമുണ്ടോ?"* - ഹിശാം ചോദിച്ചു.

*"അതെ, അമീറുൽ മുഅ്മിനീൻ താങ്കൾ താങ്കളുടെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുക. താങ്കൾ സൃഷ്ടിക്കപ്പെട്ടത് ഏകനായിട്ടാണ്. അതുപോലെ താങ്കൾ മരിക്കുന്നതും പുനരുജ്ജീവിപ്പിക്കപ്പെടുന്നതും വിചാരണ ചെയ്യപ്പെടുന്നതും ഏകനായിട്ടാണ്. അല്ലാഹു തന്നെ സത്യം. ഇന്ന് കാണുന്ന ആരുംതന്നെ അന്ന് താങ്കളോടൊപ്പമുണ്ടാവില്ലെന്ന കാര്യം .താങ്കൾ മനസ്സിലാക്കിയിരിക്കണം...."*

**അ**ത്വാഅ്ബ്നു അബീറബാഹിൻെറ ഈ ഉൽബോധനം ഹിശാമിനെ സ്തംബ്ധനാക്കി. അദ്ദേഹം തലകുനിച്ചു കരയാൻ തുടങ്ങി... അതോടെ അത്വാഅ് അവിടെന്നെഴുന്നേറ്റു. അങ്ങനെ ഞങ്ങൾ കൊട്ടാര കവാടത്തിനരികിലെത്തിയപ്പോൾ ഒരാൾ ഒരു സഞ്ചിയുമായി അത്വാഇനെ പിന്തുടരുന്നത് ഞാൻ കണ്ടു.

ഇത് അങ്ങേയ്ക്കായി അമീറുൽ മുഅ്മിനീൻ കൊടുത്തയച്ചതാണ്. ഇത് സ്വീകരിച്ചാലും. -അയാൾ പറഞ്ഞു:

*"ഇല്ലേയില്ല. യാതൊരു പ്രതിഫലവും എനിക്കാവശ്യമില്ല."*

﴿وما أسألكم عليه من أجر إن أجري الاّ على الله ربّ العالمين.﴾

*"ലോകരക്ഷിതാവിന്റെ പക്കൽ നിന്നുള്ള പ്രതിഫലമല്ലാതെ നിങ്ങളിൽ നിന്ന് ഞാൻ യാതൊരു പ്രതിഫലവും ആഗ്രഹിക്കുന്നില്ല."*
*(വി. ഖു. 256/109)*

*'അല്ലാഹുവിനെത്തന്നെ സത്യം, അദ്ദേഹം ഖലീഫയുടെ അടുത്തെത്തി സംഭാഷണം കഴിഞ്ഞുപുറത്തിറങ്ങുന്നതുവരെ ഒരിത്തിരിവെള്ളം പോലും കുടിച്ചിരുന്നില്ല.' (സുവറുൻ മിൻ ഹയാതിത്താബിഈൻ)*

നോക്കൂ, ഇതാണ് സലഫുകളുടെ മാതൃക. പടപ്പുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പടച്ചവന്റെ പ്രീതി മാത്രമായിരുന്നു അവരുടെ പ്രേരകം. അല്ലാതെ പ്രശംസയോ അവർക്കിടയിലെ പ്രസിദ്ധിയോ അവരിൽ നിന്നു വസൂലാക്കപ്പെടുന്ന കോഴയോ സലഫുകൾക്ക് പ്രേരകമായിരുന്നില്ല. സത്യത്തിനുവേണ്ടി ശബ്ദിക്കാനും അസത്യത്തിനെതിനെ നിലകൊള്ളാനുമായിരുന്നു അവർ ശ്രമിച്ചിരുന്നത്. അവരുടെ ലക്ഷ്യം സത്യത്തിന്റെ നിലനിൽപായിരുന്നു. അവരുടെ മാർഗ്ഗം സത്യസുന്ദരമായിരുന്നു. അവരുടെ അധ്വാനം ആത്മാർത്ഥതയിലധിഷ്ഠിതമായിരുന്നു. കാപട്യത്തിന്റെ കലർപ്പില്ലാത്ത നിഷ്കളങ്കത. കുടില താൽപര്യങ്ങളില്ലാത്ത നിസ്വാർത്ഥത. ആ നിസ്വാർത്ഥതയുടെ നറുമണമാണ് നൂറ്റാണ്ടുകൾക്കിപ്പുറത്തും നല്ലോർ നുകരുന്നത്.

( أحب الصالحين ولست منهم لعل الله يرزقني صلاحا )

○

# الإخلاص في حياة السلف

(باللغة المليبارية)

تأليف / أبو مبين

ശൈഖ് ഇബ്നുൽ ഖയ്യിം(റ) പറയുന്നു:

"തീയും വെള്ളവും പോലെ, ഉടുമ്പും മത്സ്യവും പോലെ മാത്രമേ പ്രശംസാമോഹവും നിഷ്കളങ്കതയും, ജനഹസ്തങ്ങളിലുള്ളതിനോടുള്ള താൽപര്യവും ആത്മാർത്ഥതയും മനസ്സിൽ ഒരുമിച്ചുകൂടുകയുള്ളൂ. നിഷ്കളങ്കതയന്വേഷിക്കണമെന്ന് നിന്റെ മനസ്സ് നിന്നോട് പറഞ്ഞാൽ ആദ്യം നീ ആശയെ നിരാശയുടെ കത്തികൊണ്ട് അറുത്തുകളയുക. ഐഹികപ്രമത്തന്മാർ പരലോകത്ത് കാണിക്കുന്ന ഐഹികവിരക്തി, നീ പ്രശംസയോടും പുകഴ്ചയോടും കാണിക്കുക. ആശയെ അറുത്തുകളയുന്നതിലും പ്രശംസയോടും പുകഴ്ചയോടും വിരക്തി കാണിക്കുന്നതിലും വിജയിച്ചാൽ നിനക്ക് നിഷ്കളങ്കത എളുപ്പമാകും.

'നിന്നെ ആശിപ്പിക്കുന്ന ഏതൊരു വസ്തുവിന്റേയും ഖജനാവ് അല്ലാഹുവിന്റെ മാത്രം പിടിയിലാണെന്നും അവനല്ലാതെ മറ്റാരും അതുടമപ്പെടുത്തുന്നില്ലെന്നുമുള്ള ദൃഢബോധം ആശയെ അറുത്തുകളയുന്നതിൽ നിന്നെ സഹായിക്കുന്നു. അല്ലാഹുവിന്റെയല്ലാതെ മറ്റാരുടേയും പ്രശംസ ഉപകരിക്കുകയോ അലങ്കരിക്കുകയോ ഇല്ലെന്നും അവന്റെയല്ലാതെ മറ്റാരുടേയും ആക്ഷേപം ഉപദ്രവമുണ്ടാക്കുകയോ അപമാനം വരുത്തുകയോ ഇല്ലെന്നുമുള്ള അറിവ് പ്രശംസയിലും പുകഴ്ചയിലും വിരക്തികാണിക്കാൻ നിന്നെ സഹായിക്കുന്നു."

(അൽഫവാഇദ്- പേജ്: 218)


مركز توعية الجاليات

الكرامة – دبى – الامارات –٣٩٦٢١٩٠– ٠٤